19
2025
ഫെബ്രുവരി
ബുധൻ
കുംഭം 7

# NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.78 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-78 | പേജ് 4. വില 2.00 രൂപ








02 നടുക്കടലിൽ നങ്കൂരമിട്ട വിദേശ ചരക്കുകപ്പൽ വിഴിഞ്ഞത്തടുപ്പിച്ചു

03 ഇന്ത്യ–ഖത്തർ ബന്ധം തന്ത്രപ്രധാന ബന്ധമായി ഉയർത്താൻ ധാരണ

04 ജസ്റ്റീസ് രാമചന്ദ്രനെതിരെ കേസെടുത്തതിൽ വിമർശനവുമായി ഹൈക്കോടതി


# കടൽ ഖനനം: കടൽ സമരം

യേശുദാസ് വില്യം




വീണ്ടും കടൽസമരത്തിനു കേരളം വേദിയാവുന്നു. കടൽമണൽഖനനം തുടങ്ങുവാനുള്ള കേന്ദ്രസർക്കാർ തീരുമാനം അശനിപാതം പോലെ കേരളത്തിലെ ദുരിതമനുഭവിക്കുന്ന മൽസ്യത്തൊഴിലാളികളുടെയും, അനുബന്ധ വ്യവസായികളുടെയും മേൽ പതിച്ചതാണ് സമരക്കടലിലേക്കു എടുത്തു ചാടുവാൻ കേരളത്തിലെ മൽസ്യമേഖലയെ സജ്ജരാക്കിയത്. ഇടതുവലതു വ്യത്യാസമില്ലാതെയും, പരമ്പരാഗത, യന്ത്രവൽകൃത ട്രോളിംഗ് മേഖലയും ഒന്നാകെ ജീവൻമരണ സമരത്തിലേക്കു കുതിക്കുകയാണ്. കഴിഞ്ഞ ദിവസം ആലപ്പുഴയിൽ കോൺഗ്രസിന്റെ നേതൃത്വത്തിലും, തുടർന്ന് കൊല്ലത്തും മൽസ്യമേഖലയിലെ ആകെ സംഘടനകൾ രാഷ്ട്രീയത്തിനതീതമായി സമരപ്രഖ്യാപനം നടത്തിക്കഴിഞ്ഞു.

കഴിഞ്ഞ ഒരുമാസമായി കേരളത്തിലെ ലത്തീൻ രൂപതയുടെ കീഴിലുള്ള പള്ളികളിൽ കടൽ മണൽ ഖനനത്തനെതിരെ ഇടയലേഖനവും ബോധവൽക്കരണവും നടക്കുകയാണ്. കേരളത്തിലും, ദേശീയ തലത്തിലും ശ്രദ്ധേയമായ വിഴിഞ്ഞം സമരം, ഒരു ദുസ്വപ്നംപോലെ ലത്തീൻ പുരോഹിത സമരനേതൃത്വത്തിനു മുൻപിൽ ഇപ്പോഴുമുണ്ട്. ഒരു കക്ഷി രാഷ്ട്രീയത്തിന്റെയും പിൻതുണയില്ലാതെ സഭ മുന്നിൽ നിന്നു നടത്തിയ സമരം വ്യർത്ഥമായതിന്റെ 'കുത്തുകാച്ചി'ൽ തീർന്നിട്ടില്ല. എന്നാൽ കേന്ദ്രത്തിനെതിരെ പൂർണ്ണമായും നടത്തുന്നകടൽ മണൽ ഖനന സമരം സഭയേക്കാൾ മുൻപുതന്നെ രാഷ്ട്രീയ കക്ഷികൾ പോർ നിലത്തിൽ നിലയുറപ്പുച്ചു കഴിഞ്ഞു. ലത്തീൻ രൂപതകളിൽ ഇടവകകൾ കേന്ദ്രീകരിച്ചു അജപലന സമിതികൾ തെരഞ്ഞെടുക്കപ്പെടുന്ന പ്രക്രിയ നടക്കുന്ന സമയമാണിത്. സമൂഹത്തിലെയും, അജഗണങ്ങളുടെയും ആവിശ്യങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിക്കുവാൻ പര്യാപ്തമായ നേതൃത്വഗുണമുള്ള അൽമായരെ കണ്ടത്തുകയാണ് സഭയുടെ ലക്ഷ്യം. ഇതിലൂടെ രാഷ്ട്രീയ, ഭരണതലത്തിൽ സമ്മർദ്ദ ശക്തിയായി സഭയെ മാറ്റിയെടുക്കുകയാണ് ലക്ഷ്യമെന്നും ഇടയലേഖനങ്ങൾ ചൂണ്ടിക്കാട്ടുന്നു. കടൽഖനന സമരത്തിനുള്ള മുന്നൊരുക്കം കരുതലോടെയാണ് സഭ നടത്തുന്നതെന്നുവേണം കരുതാൻ.

ബിജെപി കേന്ദ്ര നേതൃത്വവും തീരമേഖലയിൽ നടക്കുന്ന പടപ്പുറപ്പാടുകൾ സശ്രദ്ധം നോക്കികാണുന്നുണ്ട്. കേന്ദ്രബജറ്റ് നിർദേശങ്ങളുടെ വിലയിരുത്തലുകളുമായി വിവിധ വകുപ്പു മന്ത്രിമാർ കേരളത്തിൽ പല മേഖലകളിലും ആശയവിനിമയം നടത്തുന്നുണ്ട്. കടൽമണൽ ഖനനവും ഇത്തരത്തിൽ ചർച്ച ചെയ്യപ്പെടും.

തീരമേഖലയെ ലക്ഷ്യം വച്ചുകൊണ്ടു രാഷ്ട്രീയ സാമുദായികനേതൃത്വം മുന്നിട്ടിറങ്ങുമ്പോൾ മൽസ്യത്തൊഴിലാളികളുടെ അവസ്ഥ പരിതാപകരമാണ്. കടലിലെ മൽസ്യലഭ്യതയിലെ കുറവും, അനധികൃത മൽസ്യബന്ധനവും, അനാവിശ്യമായി വൻതുക പിഴയിടുകയും ചെയ്യുന്ന പ്രവണത, അന്യസംസ്ഥാന യാനങ്ങളുടെ കടന്നു കയറ്റവും തുടങ്ങി ഒരുപിടി പ്രശ്നങ്ങൾ നിൽക്കുമ്പോഴാണ് കടൽമണൽ ഖനനം കൂടി വരുന്നത്. തെരഞ്ഞടുപ്പിന്റെ രാഷ്ട്രീയം അണിയറയിൽ സജ്ജമാവുമ്പോൾ കടലും ഖനനവും മുഖ്യവിഷയങ്ങളാക്കി രാഷ്ട്രീയപാർട്ടികൾ തീരത്തിറങ്ങിക്കഴിഞ്ഞു. മൽസ്യത്തൊഴിലാളികൾ ഉന്നയിക്കുന്ന ഡീസൽ മണ്ണെണ്ണ സബ്സിഡി, വാസയോഗ്യമായ വീടുകൾക്ക് കുടുതൽ തുക, കുടിയൊഴിപ്പിക്കൽ, വിഴിഞ്ഞം പദ്ധതിയിൽ പ്രദേശവാസികളായവർക്കും, മൽസ്യത്തൊഴിലാളികൾക്കും തൊഴിൽ മുൻഗണന ഇങ്ങെനെ മൽസ്യത്തൊഴിലാളിമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മുങ്ങിപ്പോകാതെ അതും കൂടി ഐക്യസമരത്തിനു നേതൃത്വം കൊടുക്കുന്ന രാക്ഷ്ട്രീയകക്ഷികൾ കാണണം.

## കടൽ മണൽ ഖനനം: 15 ലക്ഷം മത്സ്യത്തൊഴിലാളികളെ ബാധിക്കുമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ

കൊല്ലം: ആഴക്കടൽ മണൽ ഖനനം 15 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന് മന്ത്രി കെ. എൻ. ബാലഗോപാൽ.

കേന്ദ്ര സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന കടൽ മണൽ ഖനനവുമായി ബന്ധപ്പെട്ട് കൊല്ലം പ്രസ് ക്ലബ് സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വർക്കല മുതൽ അമ്പലപ്പുഴ വരെ വ്യാപിച്ചുകിടക്കുന്ന കൊല്ലം പരപ്പിന്റെ പ്രത്യേകത ഉത്പാദന ക്ഷമതയുള്ള മത്സ്യസമ്പത്തിന്റെ ധാരാളിത്തമാണ്. ഏറ്റവും കൂടുതൽ മത്സ്യ പ്രജനനം നടക്കുന്നത് ഇവിടെയാണ്. ഏറ്റവും നല്ല മത്സ്യം കിട്ടുന്ന പ്രദേശവും കൊല്ലം പരപ്പാണ്. മണൽ ഖനനം മത്സ്യങ്ങളുടെ ആവാസവ്യവസ്ഥയെ ബാധിക്കും. മൈനിംഗ് കമ്പനികളുടെ താല്പര്യത്തിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. ഇതിന്റെ പ്രത്യാഘാതത്തെപ്പറ്റി സംസ്ഥാന സർക്കാറിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രകൃതിയെ മനസിലാക്കാതെ ചെയ്യുന്ന ചൂഷണം വലിയ അപകടം വരുത്തുമെന്നും ഇതിൽ രാഷ്ട്രീയത്തിന് പ്രാധാന്യമില്ലെന്നും മന്ത്രി പറഞ്ഞു. കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കോണമി നയത്തിന്റെ ഭാഗമായ കടൽ മണൽ ഖനനം വഴി കൊല്ലം തീരത്ത് 242 ചതുരശ്ര കിലോമീറ്ററിൽ 302.5 ദശലക്ഷം ടൺ മണൽ ഖനനം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. മത്സ്യത്തൊഴിലാളികളും അനുബന്ധമേഖലയിലുള്ള ആളുകളും ആശങ്കയിലാണെന്ന് ചർച്ചയിൽ പങ്കെടുത്ത സിപിഐ ആലപ്പുഴ ജില്ലാ സെക്രട്ടറി ടി. ജെ. ആഞ്ചലോസ് പറഞ്ഞു. ചിദംബരം കേന്ദ്രമന്ത്രിയായിരുന്ന കാലത്ത് വിദേശ ട്രോളറുകളുടെ മത്സ്യബന്ധനത്തിന് അനുമതി നൽകിയപ്പോഴും ശക്തമായ പ്രതിരോധമാണ് ഉയർത്തിയത്. ഒടുവിൽ അതിൽ നിന്ന് സർക്കാരിന് പിന്മാറേണ്ടി വന്നു. കർഷകർക്ക് എതിരെ മോദി സർക്കാർ കൊണ്ടുവന്ന നിയമവും ശക്തമായ എതിർപ്പിനെ തുടർന്ന് പിൻവലിക്കേണ്ടി വന്നകാര്യവും അദ്ദേഹം ഓർമപ്പെടുത്തി. കടലിന്റെ എല്ലാ ആവാസ വ്യവസ്ഥയെയും തകർക്കുന്ന രീതിയിൽ ഖനനവുമായി മുന്നോട്ട് പോയാൽ മത്സ്യമേഖലയ്ക്ക് വലിയ നഷ്ടമായിരിക്കും ഉണ്ടാക്കുകയെന്ന് ജെ. ചിത്തരഞ്ജൻ എംഎൽഎ പറഞ്ഞു. ആശങ്കകൾ ദൂരീകരിക്കാൻ കേന്ദ്രസർക്കാറിന് കഴിഞ്ഞിട്ടില്ല. വിശദമായ പഠനം നടത്താൻ കേന്ദ്രസർക്കാർ തയാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ശാസ്ത്രീയ പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്താതെയാണ് ആഴക്കടൽ മണൽ ഖനനം നടത്താൻ കേന്ദ്രസർക്കാർ തയാറാകുന്നതെന്ന് മുൻ എംപി ടി. എൻ. പ്രതാപൻ പറഞ്ഞു. 2022 ൽ അദാനി മൈനിംഗിനു വേണ്ടി ആന്ധ്രയിലും ഒറീസയിലും രണ്ട് കമ്പനികൾ രജിസ്റ്റർ ചെയ്തിരുന്നു. അതിന് ശേഷമാണ് സ്വകാര്യ കമ്പനികൾക്കും ഖനനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഭേദഗതി കേന്ദ്ര സർക്കാർ പാർലമെൻറിൽ കൊണ്ടുവരുന്നതെന്നും ടി. എൻ. പ്രതാപൻ ചൂണ്ടിക്കാട്ടി.

## ഗ്രേയ്സ് നെൽസന്റെ കവിതാസമാഹാരം 'മരണാനന്തരം' പ്രകാശനം ചെയ്തു

കൊല്ലം. ശക്തികുളങ്ങര തീരത്തിന്റെ പ്രശസ്ത കവിയായ ഗ്രേസ് നെൽസൺ രചിച്ച കവിതകളുടെ സാമാഹാരം 'മരണാനന്തരം പ്രകാശനം ചെയ്തു.കൊല്ലം കാവനാട് സാൻസ് ഓഡിറ്റോറിയത്തിൽ നടന്ന പ്രൗഡഗംഭീരമായ സദസ്സിനെ സാക്ഷിയാക്കി ഗ്രേസ് നെൽസൺ രചിച്ച സെൻ കവിതകളുടെ സമാഹാരം "മരണാനന്തരം'പ്രശസ്ത എഴുത്തുകാരൻ വള്ളിക്കാവ് മോഹൻദാസ്, നോവലിസ്റ്റും കവിയുടെ നാട്ടുകാരനുമായ ജോസഫ് എഡ്വേർഡിനു നൽകിക്കൊണ്ടു പ്രകാശനം ചെയ്തു.വിശ്വധർമ്മം എഡിറ്റർ മർഷൽ ഫ്രാങ്ക് സ്വാഗതമരുളിയ ചടങ്ങിൽ സ്ഥിതി പബ്ലിക്കേഷൻസിന്റെ സാരഥി വി.ടി കുരിപ്പുഴ കവിതാസമാഹാരം പരിചയപ്പെടുത്തി.ലളിതമായ ഭാഷയും അർത്ഥപൂർണ്ണമായ ഉൾക്കാഴ്ചയുമുള്ള മരണനന്തരത്തിലെ കവിതകളെക്കുറിച്ചു ചടങ്ങിൽ അദ്ധ്യക്ഷനായ പ്രൊഫസർ ജോസഫ് ആന്റെണി സദസ്സുമായി സംവദിച്ചു.

കവിതാസമാഹാരം പ്രകാശനത്താടൊപ്പം നടന്ന ആദരിക്കൽ ചടങ്ങ് കവിയുടെ സ്നേഹത്തിന്റെയും,സൗഹൃദത്തിന്റെയും ആത്മാംശം നിറഞ്ഞു നിൽക്കുന്നതായിരുന്നു.കവിയുടെ ആദ്യകാല ഗുരുനാഥയായ ജെമ്മാ ഫ്രാൻസീസുനു നൽകിയ ആദരം കവിയുടെ ഗുരവന്ദനമായി മാറി.കവിയുടെ അമ്മയും ആദരം എറ്റു വാങ്ങുന്ന അപൂർവ്വതക്കും സദസ്സ് സാക്ഷിയായി.കവിയുടെ ജന്മദേശത്തുള്ള സാംസ്കാരിക സാമൂഹ്യപ്രവർത്തകനായ ജേക്കബ് ഹെൻട്രിയും ആദരവ് എറ്റുവാങ്ങി.ചെന്നൈയിൽ മൂന്നു പതിറ്റാണ്ടിലേറെക്കാലമായി ജീവിക്കുകയും അവിടുത്തെ സാസ്കാരിക പ്രവാസി കൂട്ടായ്മകളിൽ നിറസാന്നിദ്ധ്യവുമാണ് കവി ഗ്രേസ്.കവിയുടെ മൂന്നാമത്തെ കവിതാസമാഹാരമാണ് മരണാനന്തരം.എുത്തുകാരൻ ഫ.ജോസഫ് ലൂക്കോസ്,കാഥികനായ വി.വി. ജോസ് കല്ലട,ജോർജ്ജ് എഫ് സേവ്യർ വലിയവീട്,ഫ്രാൻസീസ് സേവ്യർ തുടങ്ങിയ പ്രമുഖരെയും ചടങ്ങിൽ ആദരിച്ചു.

ശക്തികുളങ്ങരയുടെ കലാ,സാഹിത്യ പരമ്പര്യം ഉയർത്തിപ്പിടിക്കുന്നതായിരുന്നു ചടങ്ങിന്റെ സവിശേഷത.ശക്തികുളങ്ങരയുടെ ഡോക്ടർ എന്ന് എല്ലാവരും അഭിമാനിക്കുന്ന ഡോ.ഗണപതി സദസ്സിൽ ആദ്യന്തം ഇരുന്നു.ഒപ്പം പ്രശസ്ത ചരിത്രാദ്ധ്യാപകനായ ജേക്കബ് സാറും ഉണ്ടായിരുന്നു.ശക്തികുളങ്ങരയുടെ നാടക പാരമ്പര്യത്തിന്റെ അവകാശികളിൽ നിർണ്ണായക സ്ഥാനമുണ്ടായിരുന്ന ആന്റെണി കുടുംബിലാന്റെ പത്നി മറിയാമ്മ ആന്റെണിയും സദസ്സിലെ പ്രധാന വ്യക്തിത്വമായിരുന്നു.തന്റെ ജീവിതത്തിലെ മറക്കാനാവാത്ത സന്ധ്യയാണിതെന്നു മറുപടി പ്രസംഗത്തിൽ ഗ്രേസ് നെൽസൺ പറഞ്ഞു. തന്റെ രചനകൾക്ക് പിൻബലവും ശക്തിയും തന്റെ കുടുംബാഗങ്ങളാണന്നും കവി പറഞ്ഞു.

തന്റെ കൊച്ചുമകൾ എഴുത്തിന്റെ പൈതൃകം പിൻതുടരുന്നുവെന്ന തിരിച്ചറിവ് തനിക്ക് വല്ലാത്ത ആനന്ദമാണ് പകർന്നു നൽകുന്നതെന്നും ഗ്രേസ് പറഞ്ഞു. ചടങ്ങിൽ ആശംസകൾ നേർന്നു കൊണ്ട് എഡ്വർഡ് നസ്രത്ത്,എം.സുമി (കോർപറേഷൻ കൗൺസിലർ) മാധ്യമ പ്രവർത്തകൻ യേശുദാസ് വില്യം തുടങ്ങിയവർ ആശംസകൾ നേർന്നു.






# ചോദ്യപേപ്പറുകളുടെ കുറവ് മൂലം പരീക്ഷ നടത്തിപ്പിൽ തടസം നേരിടും എന്ന പത്രവാർത്തകൾ തെറ്റ്: പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

എസ്.എസ്.എൽ.സി മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടി പൂർത്തീകരിച്ചിട്ടില്ല എന്ന വിധത്തിൽ ചില മാധ്യമങ്ങളിൽ വന്ന വാർത്തകൾ വസ്തുതാവിരുദ്ധമാണെന്ന് പരീക്ഷാ കമ്മീഷണറുടെ കാര്യാലയം അറിയിച്ചു.

എസ്.എസ്.എൽ.സി മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ പരീക്ഷാഭവൻ മുഖേന സർക്കാർ പ്രസ്സുകളിൽ അച്ചടിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുകയും, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് പരീക്ഷാ കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. ഓരോ പരീക്ഷാ കേന്ദ്രങ്ങളിലേയ്ക്കും ആവശ്യമായ ചോദ്യപേപ്പറുകളിലും അധികമാണ് എല്ലാ വർഷവും നൽകുന്നത്. എന്നാൽ ഇത്തവണ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലേയ്ക്ക് ചോദ്യപേപ്പർ നൽകിയപ്പോൾ ഇത്തരത്തിൽ അധികം ചോദ്യപേപ്പറുകൾ നൽകാൻ കഴിഞ്ഞില്ലായെന്നത് ഒരു യാഥാർത്ഥ്യമാണ്. കുറവ് ശ്രദ്ധയിൽപെട്ട ഉടൻ തന്നെ അത് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച് ആദ്യത്തെ 2 ദിവസത്തെ (ഫെബ്രുവരി 17, 18) നാല് പരീക്ഷകളുടെ ചോദ്യപേപ്പർ ഫെബ്രു.16ന് ഉച്ചയ്ക്ക് 3 മണിക്ക് ഉള്ളിൽ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും എത്തിച്ചു. ഫെബ്രുവരി 19 മുതൽ നടക്കാനുള്ള പരീക്ഷകളുടെ അധിക ചോദ്യപേപ്പറുകൾ ഇന്നേ ദിവസം (ഫെബ്രുവരി 17ന്) ഉച്ചയ്ക്ക് 1 മണിയോടെ എല്ലാ ഇടത്തും വിതരണം പൂർത്തിയാക്കി. 2025 എസ്.എസ്.എൽ.സി മോഡൽ പരീക്ഷയുടെ ആദ്യ ദിവസത്തെ പരീക്ഷ കഴിഞ്ഞപ്പോൾ ചോദ്യ പേപ്പറുകളുടെ കുറവ് മൂലം ഒരു പരീക്ഷാ കേന്ദ്രങ്ങളിലും പരീക്ഷ നടത്തിപ്പിന് തടസ്സം നേരിടുകയുണ്ടായില്ല. ആയത് കൊണ്ട് ചില മാധ്യമങ്ങളിൽ ചോദ്യപേപ്പർ കുറവ് മൂലം പരീക്ഷ നടക്കുന്നതിൽ തടസ്സം നേരിടും എന്ന് വന്ന വാർത്ത തികച്ചും വസ്തുതാ വിരുദ്ധമാണ്.

# നടുക്കടലിൽ നങ്കൂരമിട്ട വിദേശ ചരക്കുകപ്പൽ വിഴിഞ്ഞത്തടുപ്പിച്ചു

വിഴിഞ്ഞം: ഒടുവിൽ മാരിടൈം ബോർഡ് തുറമുഖാധികൃതർ കനിഞ്ഞു, യാത്രക്കിടയിൽ ഫ്യുവൽ പമ്പ് തകരാറിലായി നടുക്കടലിൽ നങ്കൂരമിട്ട വിദേശ ചരക്ക് കപ്പലിനെ അഞ്ചു ദിവസത്തിനു ശേഷം വിഴിഞ്ഞം തീരത്ത് അടുപ്പിച്ചു. ഗുജറാത്തിൽനിന്ന് കൊണ്ടുവന്ന ഫ്യുവൽ പമ്പ് വാൽവ് കപ്പലിലെത്തിച്ചു തകരാർ പരിഹരിച്ച് മടങ്ങി.

കൊളംബോയിൽനിന്ന് ഷാർജയിലേക്കു പോവുകയായിരുന്ന കുക്ക് ഐലൻറ് ഫ്ലാഗുള്ള വൈ. എൻ. ഡബ്ല്യൂ എന്ന ബിറ്റുമിൻ (ടാർ) കാരിയർ കപ്പലാണ് നടുക്കടലിലകപ്പെട്ടത്. രാജസ്ഥാൻ സ്വദേശി ബുഗാലിയ ക്യാപ്റ്റനായ കപ്പലിൽ ജീവനക്കാരായി 21 ഇന്ത്യക്കാരുമുണ്ട്. യാത്രക്കിടയിൽ തകരാറു സംഭവിച്ച കപ്പൽ ഇക്കഴിഞ്ഞ 12ന് തീരത്തിനും പതിനഞ്ച് നോട്ടിക്കൽ ഉൾക്കടലിൽ നങ്കൂരമിടുകയായിരുന്നു. ഫെൻറേഴ്സ് മാറ്റിസ്ഥാപിക്കുന്നതു വൈകിയതും അധികൃതർ തമ്മിലുള്ള ആശയക്കുഴപ്പവും യാത്ര വൈകുന്നതിന് വഴിതെളിച്ചു.

കഴിഞ്ഞ ദിവസം ഗുജറാത്തിൽനിന്ന് കരമാർഗം ഫ്യുവൽ പമ്പ് എത്തിച്ചെങ്കിലും കസ്റ്റംസ് ക്ലിയറൻസിനു കാലതാമസം വന്നു. കൂടാതെ പമ്പ് കപ്പലിലെത്തിക്കണമെങ്കിൽ തുറമുഖ അധികൃതരുടെ അനുമതിയും ടഗ്ഗും ആവശ്യമുണ്ടായിരുന്നു.

അതിനായി കപ്പൽ ഏജൻസി ശ്രമം നടത്തിയെങ്കിലും ടഗ്ഗിന്റെ സർവേ നടപടികൾ പൂർത്തിയായില്ലെന്ന കാരണത്താൽ തുടക്കത്തിൽ മാരിടൈം ബോർഡ് തുറമുഖ അധികൃതർക്ക് സഹായം നൽകാനായില്ല. തുടർന്ന് അന്താരാഷ്ട്ര തുറമുഖ അധികൃതരെ സമീപിച്ചെങ്കിലും ഫീസായി വൻതുക അടക്കണമെന്നു കണ്ടതോടെ ആ ദൗത്യവും ഉപേക്ഷിച്ചു.

സർക്കാർ ഉടമസ്ഥതയിലുള്ള തുറമുഖത്ത് ഒരു ലക്ഷത്തോളം രൂപ മാത്രം മതിയെന്നിരിക്കെ അദാനി തുറമുഖത്ത് ആറരലക്ഷത്തോളം രൂപ ചെലവായി ആവശ്യപ്പെട്ടതായും ഏജൻസി അധികൃതർ പറയുന്നു. ഇതോടെ കപ്പലിന്റെ യാത്ര കൂടുതൽ അനിശ്ചിതത്വത്തിലായി.

ഒടുവിൽ അടിയന്തിരമായി ടഗ്ഗിന്റെ നിയമനടപടികൾ പൂർത്തിയാക്കിയ മാരിടൈം ബോർഡ് തുറമുഖ അധികൃതർ കപ്പൽ ഏജൻസിയെ സഹായിക്കാൻ തയാറായി. പതിനഞ്ച് നോട്ടിക്കൽ ഉൾക്കടലിൽ നങ്കൂരമിട്ടിരുന്ന കപ്പലിനെ വിഴിഞ്ഞം തുറമുഖ അധികാര പരിധിയിൽ മൂന്നു നോട്ടിക്കൽ തീരത്തോടെ ചേർന്ന് അടുപ്പിക്കാൻ നിർദേശം നൽകി.

ഇന്നലെ രാവിലെ മുതൽ പോർട്ട് പർസർ ഉൾപ്പെടെ ഉന്നതാധികൃതരും തുറമുഖത്ത് കാത്തിരുന്നെങ്കിലും കസ്റ്റംസിന്റെയും ഇമിഗ്രേഷൻ വിഭാഗത്തിന്റെയും ക്ലീയറൻസ് വൈകി. ഒടുവിൽ രാത്രിയോടെ ഫ്യൂവൽപമ്പ് ടഗ്ഗിൽ എത്തിച്ചു നടത്തിയ അറ്റകുറ്റപ്പണികൾക്കുശേഷം അർദ്ധരാത്രി യോടെ കപ്പൽ ഷാർജ ലക്ഷ്യമാക്കി യാത്രതിരിച്ചു.

## താത്പര്യപത്രം ക്ഷണിച്ചു

സംസ്ഥാന വനിതശിശു വികസന വകുപ്പ് സ്റ്റേറ്റ് നിർഭയാസെല്ലിന് കീഴിൽ അതിജീവിതരായ മാനസിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കായി തൃശ്ശൂർ ജില്ലയിൽ സ്പെഷ്യൽ നീഡ്സ് ഹോം പ്രവർത്തിപ്പിക്കുവാൻ താത്പര്യമുള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ മേഖലയിലും അവരെ മുഖ്യധാരയിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയിലും (പ്രത്യേകിച്ച് അതിജീവിതരെ) പരിചയസമ്പന്നരായ സന്നദ്ധസംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. 2015 ലെ ബാലനീതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0471 2331059, ഇമെയിൽ : nirbhayacell@gmail.com.

# താത്പര്യപത്രം ക്ഷണിച്ചു

സംസ്ഥാന വനിത ശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയസെല്ലിന് കീഴിൽ അതിജീവിതരായ പെൺകുട്ടികൾക്കായി വയനാട് ജില്ലയിൽ എൻട്രി ഹോം പ്രവർത്തിപ്പിക്കാൻ താത്പര്യമുള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ മേഖലയിലും അവരെ മുഖ്യധാരയിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയിലും (പ്രത്യേകിച്ച് അതിജീവിതരെ) പരിചയസമ്പന്നരായ സന്നദ്ധസംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു. 2015 ലെ ബാലനീതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. കുട്ടികളെ പാർപ്പിക്കുന്നതിനായി ജെ.ജെ. നിയമത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്ന വിധത്തിലുള്ള കെട്ടിടം സ്വന്തമായുള്ള സംഘടനകൾക്ക് മുൻഗണന നൽകും. അപേക്ഷാഫോം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, രണ്ടു വർഷത്തെ പ്രവർത്തന റിപ്പോർട്ട്, കെട്ടിടത്തിന്റെ പ്ലാൻ (ലഭ്യമാണെങ്കിൽ മാത്രം) തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ മാർച്ച് ഒന്നിന് വൈകീട്ട് 5ന് മുമ്പ് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് നിർഭയസെൽ, വനിതശിശു വികസന വകുപ്പ് ഡയറ്കടറുടെ കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം 695 012 എന്ന വിലാസത്തിൽ ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2331059,

# എസ്എഫ്ഐ സമരപന്തൽ പൊളിച്ചു നീക്കി; കേരള സർവകലാശാല ആസ്ഥാനത്ത് വൻ സംഘർഷം

തിരുവനന്തപുരം: കേരള സർവകലാശാല ആസ്ഥാനത്ത് പോലീസും എസ്എഫ്ഐ പ്രവർത്തകരും ഏറ്റുമുട്ടി. സർവകലാശാല സ്റ്റുഡൻറസ് യൂണിയനെ സത്യപ്രതിജ്ഞ ചെയ്യാൻ വിസി അനുവദിക്കുന്നില്ലെന്ന് ആരോപിച്ച് എസ്എഫ്ഐ സമരത്തിലായിരുന്നു.

സർവകലശാലയുടെ പ്രധാന കവാടത്തിനു മുന്നിൽ പന്തൽ കെട്ടി സമരം ചെയ്യുന്ന എസ്എഫ്ഐ പ്രവർത്തകരെ നീക്കണമെന്ന് ആവശ്യപ്പെട്ട് രജിസ്ട്രാർ പോലീസിന് കത്ത് നൽകിയിരുന്നു. കത്ത് നൽകിയതിന് പിന്നാലെയായിരുന്നു പോലീസ് നടപടി.

സമരം നടത്തുന്ന എസ്എഫ്ഐ പ്രവർത്തകരെ അറസ്റ്റ് ചെയ്തു നീക്കുന്നതിനിടെയായിരുന്നു സംഘർഷമുണ്ടായത്. പ്രവർത്തകരുമായി പോയ പോലീസ് ജീപ്പ് എസ്എഫ്ഐ പ്രവർത്തകർ തടഞ്ഞതോടെ പോലീസ് ലാത്തി വീശുകയായിരുന്നു.

പോലീസ് വാഹനത്തിന് മുകളിൽ കയറി എസ്എഫ്ഐ സംസ്ഥാന കമ്മിറ്റി അംഗം നന്ദു പ്രതിഷേധിച്ചു. സംഘർഷത്തിൽ എസ്എഫ്ഐ പ്രവർത്തകർക്കും പോലീസിനും പരിക്കേറ്റു.

പിന്നീട് എസ്എഫ്ഐ സംസ്ഥാന സെക്രട്ടറി ആർഷോയുടെ നേതൃത്വത്തിൽ സമരം ആരംഭിച്ചെങ്കിലും പോലീസ് ഇവരെയും അറസ്റ്റ് ചെയ്തു നീക്കി. ഇതിനു പിന്നാലെ സമര പന്തലും പോലീസ് പൊളിച്ചു നീക്കി.

## ഉദ്ഘാടനം മാറ്റിവെച്ചു

ഫെബ്രുവരി 20ന് കേരള ഫോക്ലോർ അക്കാദമിയിൽ നടത്താൻ നിശ്ചയിച്ച ചിറക്കൽ പെരിങ്കളിയാട്ടം തെയ്യം ഗ്യാലറി ഉദ്ഘാടനവും 'നമ്മുടെ നാടൻ കലകൾ' പുസ്തകത്തിന്റെ പുനഃപ്രകാശനവും മറ്റൊരു തീയതിയിലേക്ക് മാറ്റിവെച്ചതായി അക്കാദമി സെക്രട്ടറി അറിയിച്ചു.

## ഇ-ടെണ്ടർ-19 വരെ സ്വീകരിക്കും

കൊല്ലം ജില്ലാ രൂപീകരണത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് 2025 മാർച്ച് മൂന്ന് മുതൽ പത്ത് വരെ ഐ ആൻഡ് പിആർഡി യുടെ ആഭിമുഖ്യത്തിൽ കൊല്ലം ആശ്രാമം മൈതാനിയിൽ നടക്കുന്ന വ്യാപാര - പ്രദർശന- വിപണന മേളയ്ക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി യോഗ്യരായ ഏജൻസികളിൽ നിന്നും ഇ- ടെണ്ടർ ക്ഷണിച്ചിരുന്നു. ഇ ടെണ്ടർ ഫെബ്രുവരി 19 വൈകിട്ട് 5 വരെ സ്വീകരിക്കും. വിശദാംശങ്ങൾ etenders.kerala.gov.in ൽ ലഭ്യമാണ്.

# യു.ജി.സി കരട് റഗുലേഷൻ സംബന്ധിച്ച ദേശീയ കൺവൻഷൻ 20ന്

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 20ന് തിരുവനന്തപുരത്ത് യു.ജി.സി കരട് റഗുലേഷനുകൾ (ജനുവരി 6, 2025) സംബന്ധിച്ച ദേശീയ കൺവെൻഷൻ ചേരും.

കേരളത്തിന്റേതടക്കം രാജ്യത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന കരട് റഗുലേഷനാണ് യു.ജി.സി മുന്നോട്ട് വെച്ചിരിക്കുന്നത്. സംസ്ഥാനങ്ങളുടെ അധികാരങ്ങളും സർവകലാശാലകളുടെ സ്വയംഭരണാവകാശവും ഇല്ലാതാക്കുന്ന റഗുലേഷനുകൾക്കെതിരെയാണ് കൺവെൻഷൻ.

ഫെബ്രുവരി 20ന് രാവിലെ 10.30ന് നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. കർണ്ണാടക ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. എം.സി സുധാകർ, തമിഴ്നാട് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ഗോവി ചെഴിയാൻ, പഞ്ചാബ് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഹർജോത് സിംഗ് ബെയ്ൻസ്, തെലങ്കാന ഐ.ടി വകുപ്പ് മന്ത്രി ഡി. ശ്രീധർ ബാബു തുടങ്ങിയവർ കൺവെൻഷനിൽ വിശിഷ്ടാതിഥികളായിരിക്കും. മറ്റ് സംസ്ഥാനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരും കൺവെൻഷനിൽ പങ്കെടുക്കും.

കക്ഷി രാഷ്ട്രീയ ഭേദമില്ലാതെ കേരളം ഇക്കാര്യത്തിൽ പുലർത്തുന്ന ഉത്കണ്ഠ നിയമസഭാ പ്രമേയത്തിൽ കണ്ടതിന് തുടർച്ചയായാണ് മന്ത്രിമാരും പ്രതിപക്ഷ നേതാക്കളും ഒരുമിച്ചു നിരക്കുന്ന ഈ കൺവെൻഷൻ. റവന്യൂ മന്ത്രി കെ. രാജൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എന്നിവർ കൺവെൻഷനിൽ മുഖ്യ പ്രഭാഷണം നടത്തും. മന്ത്രിമാരായ റോഷി അഗസ്റ്റിൻ, കെ.കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ.ബി. ഗണേഷ് കുമാർ, പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി, ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ തുടങ്ങിയവർ സംസാരിക്കും. ഭരണ പ്രതിപക്ഷ എം.എൽ.എ മാരും ചീഫ് സെക്രട്ടറി ഉൾപ്പെടെ വിവിധ വകുപ്പുകളിലെ സെക്രട്ടറിമാരും ഉന്നത വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ മേധാവികളും അധ്യാപകരും അനധ്യാപക ജീവനക്കാരും ഗവേഷകരും വിദ്യാർഥികളും ഉൾപ്പെടെയുള്ളവർ കൺവെൻഷനിൽ പ്രതിനിധികളായി ഉണ്ടാകും.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കുടുതൽ പണം മുടക്കുന്ന സംസ്ഥാനമെന്നാണ് കേരളത്തെക്കുറിച്ച് കേന്ദ്ര ഏജൻസിയായ നീതി ആയോഗ് വിലയിരുത്തിയിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ദേശീയ ശരാശരിയേക്കാൾ മികച്ച പ്രവേശന അനുപാദം, ലിംഗസമത്വ സൂചികയിലെ മികച്ച സ്ഥാനം, പ്രവേശനം നേടുന്ന പെൺകുട്ടികളുടെ കാര്യത്തിലുള്ള വർദ്ധിച്ച നിരക്ക് തുടങ്ങിയവയിൽ കേരളം ആർജിച്ച മികവിനെ നീതി ആയോഗ് പ്രശംസിച്ചിരിക്കുകയാണിപ്പോൾ. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയിട്ടും ഉന്നത വിദ്യാഭ്യാസ മേഘലയിലെ കേന്ദ്ര മുതൽമുടക്കിൽ ആനുപാതികമായ വർദ്ധനയുണ്ടായിട്ടില്ലെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നത് കേന്ദ്ര ഏജൻസി തന്നെയാണ്. പുതിയ യൂജിസി നയരേഖയെപ്പറ്റി കേരളം ഉയർത്തുന്ന പ്രധാന വിമർശനങ്ങളിലൊന്ന് ഇതു തന്നെയാണ്. കരട് റഗുലേഷനുകളെക്കുറിച്ച്, അവയുടെ പ്രത്യാഘാതങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ കൂടിയായിരുന്ന ജെ.എൻ.യു പ്രൊഫസർ എമെറിറ്റസ് പ്രഭാത് പട്നായിക് കൺവെൻഷനിൽ പ്രഭാഷണം നടത്തും. 1200 ഓളം പേരുടെ പ്രാതിനിധ്യമാണ് രജിസ്ട്രേഷൻ നടപടികളുടെ അവസാന അവലോകനത്തിൽ ഉറപ്പാക്കിയിരിക്കുന്നത്.

# വാർത്തകളിലെ സ്ത്രീകൾ വസ്തുതകൾക്കനുസൃതമായി മാത്രം വ്യാഖ്യാനിക്കപ്പെടണം; മാധ്യമ കോൺക്ലേവ് ചർച്ച

വാർത്തകളിൽ പ്രതിപാദിക്കപ്പെടുന്ന സ്ത്രീകളെ കമ്പോളവൽക്കരിക്കാതെ വസ്തുതകൾക്കനുസൃതമായി മാത്രമേ വ്യാഖ്യാനിക്കപ്പെടാവൂവെന്ന് പ്രമുഖ വനിതാ മാധ്യമപ്രവർത്തകർ ആവശ്യപ്പെട്ടു. മാധ്യമസ്ഥാപനങ്ങളിലെ നേതൃസ്ഥാനങ്ങളിൽ വനിതകൾക്ക് കൂടുതൽ പ്രാമുഖ്യം നൽകി നിർണായക വിഷയങ്ങളിൽ തീരുമാനം എടുക്കുന്നതിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിലൂടെ ലിംഗനീതിക്ക് ആക്കംകൂട്ടാനാകുമെന്നും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ ഭാഗമായി 'വാർത്തകളിലെ സ്ത്രീ' എന്ന വിഷയത്തിൽ ടാഗോർ തീയറ്ററിൽ നടന്ന പാനൽചർച്ച അഭിപ്രായപ്പെട്ടു.സ്ത്രീകൾ ഉൾപ്പെടുന്ന വാർത്തകളിലെ ഭാഷ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ടതുണ്ടെന്ന് പ്രമുഖ മാധ്യമപ്രവർത്തക ആർ പാർവതി ദേവി പറഞ്ഞു. വാർത്തകളുടെ ഉള്ളടക്കത്തെ ചർച്ചചെയ്യാതെ ഗ്ലാമർ രംഗത്തെ വനിതകളെ വിനോദ ഉപാധികളായും കുറ്റകൃത്യങ്ങളിലുൾപ്പെട്ട വനിതകളെ വിപണിയുടെ താൽപര്യത്തിനനുസരിച്ചും ആഘോഷിക്കപ്പെടുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കണം. ദളിത്, ന്യൂനപക്ഷ, തൊഴിലാളി സ്ത്രീ സമൂഹമുൾപ്പെടെ പാർശ്വവൽകൃത സമൂഹത്തെ മുന്നിലെത്തിക്കേണ്ട ഉത്തരവാദിത്തം മാധ്യമങ്ങൾക്കുണ്ട്. കഴിവുകൾ അംഗീകരിച്ച് ന്യൂസ് റൂമുകളിലെ പ്രധാന ബീറ്റുകൾ കൈകാര്യം ചെയ്യാൻ വനിതകൾക്ക് കൂടുതൽ അവസരം നൽകണം. വനിതകൾക്ക് പ്രവർത്തിക്കുന്നതിനനുയോജ്യമായ സാഹചര്യം ഒരുക്കുന്നതിനും വനിതാനയം രൂപപ്പെടുത്തുന്നതിനും മാധ്യമസ്ഥാപനങ്ങൾ മുൻതൂക്കം നൽകണമെന്നും അവർ ചൂണ്ടിക്കാട്ടി.സ്ത്രീകളുടെ നേട്ടത്തെക്കുറിച്ചുള്ള വാർത്തകൾക്ക് അർഹമായ പ്രധാന്യം നൽകാതെ ലഹരിമാഫിയ, കൊലപാതകം , പീഡനം, കുറ്റകൃത്യങ്ങൾ തുടങ്ങിയവയിൽ ഉൾപ്പെടുന്നവരെ ചൂണ്ടിക്കാട്ടി അമിത പ്രധാന്യം നൽകി ആഘോഷിക്കപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലവിലേതെന്ന് ദേശാഭിമാനി അസിസ്റ്റന്റ് എഡിറ്റർ പി ഒ ഷീജ അഭിപ്രായപ്പെട്ടു. മാധ്യമരംഗത്ത് അഭിപ്രായരൂപീകരണത്തിലും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിലും പുരുഷമേൽക്കോയ്മ പ്രകടമാണ്. സ്ത്രീകൾ സ്വന്തം ഉൾക്കരുത്ത് തിരിച്ചറിഞ്ഞ് മുന്നോട്ടുവരണമെന്നും അവർ പറഞ്ഞു.വ്യവസ്ഥാപിത ചട്ടക്കൂടുകൾ മറികടന്ന് വനിതകൾ പ്രതികരിക്കേണ്ടതുണ്ടെന്ന് സുപ്രീകോർട്ട് ഒബ്സർവർ എഡിറ്റർ ഇൻ ചീഫ് ലീന രഘുനാഥ് പറഞ്ഞു. സമൂഹത്തിലെ പ്രശ്നങ്ങളെക്കുറിച്ച് ശബ്ദിക്കുന്നതിനുള്ള ആർജവം കാണിക്കണം. ന്യൂസ് റൂമുകളിൽ ലിംഗനീതി ഉറപ്പാക്കാനാകണം. സ്ത്രീവിരുദ്ധ വിധികൾ വ്യാപകമായി പ്രസ്താവിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ സമാന ചിന്താഗതിയുള്ളവരെ ഒപ്പം കൂട്ടി നീതിക്കായി പോരാടേണ്ടതുണ്ടെന്നും അവർ പറഞ്ഞു.ദളിത് സ്ത്രീകളുടെ തീവ്രതയേറിയ പ്രശ്നങ്ങൾക്ക് മാധ്യമങ്ങളിൽ അർഹമായ പ്രാധാന്യം നൽകുന്നില്ലെന്ന് ദളിത് ക്വിയർ മൾട്ടി മീഡിയ ജേണലിസ്റ്റായ ആരതി എം ആർ അഭിപ്രായപ്പെട്ടു. വാർത്തകളിൽ ലിംഗനീതി ഉറപ്പാക്കുന്നതിൽ പുതുതലമുറയിലുള്ളവർ തിരുത്തൽ ശക്തിയാകണമെന്നും അവർ പറഞ്ഞു.

മാധ്യമസ്ഥാപനങ്ങളിൽ ജെൻഡർ സെൻസിറ്റൈസ്ഡ് സ്റ്റൈൽ ബുക്ക് ആവശ്യമാണെന്ന് ചർച്ചയെ നയിച്ച കണക്റ്റിംഗ് കേരള എഡിറ്റർ ഇൻ ചീഫ് അനുപമ വെങ്കിടേശ്വരൻ അഭിപ്രായപ്പെട്ടു.

# എസ്എഫ്ഐ അടിയന്തരമായി പിരിച്ചുവിടണമെന്ന് കെ. സുധാകരൻ

തിരുവനന്തപുരം: സഹപാഠികളെ കൊലചെയ്യുന്നതും കൊല്ലാക്കൊല ചെയ്യുന്നതും എസ്എഫ്ഐയുടെ മൃഗയാവിനോദമായി മാറിയ സാഹചര്യത്തിൽ സംഘടനയെ അടിയന്തരമായി പിരിച്ചുവിടണമെന്നു കെപിസിസി അധ്യക്ഷൻ കെ. സുധാകരൻ.

എസ്എഫ്ഐ സംസ്ഥാന സമ്മേളനം ആരംഭിച്ച സാഹചര്യത്തിൽ ഇങ്ങനെയൊരു തീരുമാനമാണ് കേരളം കേൾക്കാൻ കാത്തിരിക്കുന്നത്. മുഖ്യമന്ത്രിയും പാർട്ടി സെക്രട്ടറിയും ഇക്കാര്യത്തിൽ കേരള സമൂഹത്തോടൊപ്പം നിൽക്കണമെന്ന് സുധാകരൻ ആവശ്യപ്പെട്ടു.

പൂക്കോട് വെറ്ററിനറി കോളജിലെ വിദ്യാർഥി സിദ്ധാർത്ഥനെ കൊന്നൊടുക്കിയിട്ട് ഒരു വർഷം തികയുന്നതിനിടയിൽ എത്രയെത്ര ക്രൂരകൃത്യങ്ങളാണ് ഈ സംഘടന നടത്തിയത്. ഏറ്റവുമൊടുവിൽ കാര്യവട്ടം കാമ്പസും എസ്എഫ്ഐ ചോരയിൽ മുക്കി.

ബയോടെക്നോളജി ഒന്നാം വർഷം വിദ്യാർഥി ബിൻസ് ജോസിനെ എസ്എഫ്ഐയുടെ ഇടിമുറിയിലിട്ട് മർദിച്ച് അവശനാക്കി. ഇതൊരു നരഭോജി പ്രസ്ഥാനമാണെന്ന് ആവർത്തിച്ചു വ്യക്തമാക്കുന്നു.

കോട്ടയം ഗവൺമെൻറ് നഴ്സിംഗ് കോളജിൽ നടന്നതും അതിക്രൂരമായ റാഗിംഗാണ്. അറസ്റ്റിലായവർ ഇടത് സംഘടനയുടെ ഭാരവാഹികളും എസ്എഫ്ഐ പ്രവർത്തകരുമാണ്. എന്നാൽ പതിവുപോലെ പാർട്ടിക്കു ബന്ധമില്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാനാണ് ശ്രമിക്കുന്നത്.

ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ടി. പി. ശ്രിനിവാസനെ അടിച്ചുവീഴ്ത്തിയതിനെ ഇപ്പോഴും ന്യായീകരിക്കുന്ന എസ്എഫ്ഐയുടെ ഉള്ളിലുള്ളത് കണ്ണൂരിലെ സിപിഎമ്മുകാരുടെ കൊലപാതകരാഷ്ട്രീയത്തിന്റെ വിത്തുകളാണ്.

സിപിഐയുടെ വിദ്യാർഥി സംഘടനയിലെ പെൺകുട്ടികൾക്കടക്കം കൊടിയ മർദനമാണ് എസ്എഫ്ഐയിൽനിന്നും നേരിടേണ്ടി വന്നത്. മയക്കുമരുന്ന് ലോബി മുതൽ ഗുണ്ടാത്തലവൻമാർ വരെയുള്ളവരുടെ സഹായത്തോടെയാണ് കാമ്പസുകളിൽ കുട്ടിസഖാക്കൾ വിലസുന്നതെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

# പാതിവില തട്ടിപ്പ്: ലാലി വിൻസെൻറിന്റെ വീടുൾപ്പെടെ 12 ഇടങ്ങളിൽ ഇഡി റെയ്ഡ്

കൊച്ചി: പാതിവില തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 12 ഇടങ്ങളിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി) റെയ്ഡ്.

കേസിലെ ഒന്നാംപ്രതി അനന്തുകൃഷ്ണന്റെ ഇടുക്കി കോളപ്രയിലുള്ള വീട്ടിലും സത്യസായി ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ. എൻ. ആനന്ദകുമാറിന്റെ ശാസ്തമംഗലത്തെ ഓഫീസിലും തോന്നയ്ക്കൽ സായി ഗ്രാമത്തിലും കോൺഗ്രസ് നേതാവ് ലാലി വിൻസെൻറിന്റെ കൊച്ചിയിലെ വീട്ടിലുമാണ് പരിശോധന പുരോഗമിക്കുന്നത്. ഇന്നു പുലർച്ചെ മുതൽ കൊച്ചിയിൽനിന്നുള്ള അറുപതോളം ഉദ്യോഗസ്ഥർ വിവിധ സംഘങ്ങളായി തിരിഞ്ഞാണ് റെയ്ഡ് ആരംഭിച്ചത്. നേരത്തെ, കള്ളപ്പണ, ചൂതാട്ടവിരുദ്ധ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസെടുത്ത ഇഡി കഴിഞ്ഞ ദിവസം പരാതിക്കാരിൽനിന്ന് വിശദമായ മൊഴിയെടുക്കുകയും ചെയ്തിരുന്നു. പാതിവില തട്ടിപ്പിൽ കണ്ണൂർ ടൗൺ പോലീസ് എടുത്ത കേസിൽ ലാലി വിൻസെൻറ് ഏഴാം പ്രതിയാണ്. ഈ കേസിൽ ലാലി വിൻസെൻറിന്റെ അറസ്റ്റ് ഹൈക്കോടതി തടഞ്ഞിരുന്നു. തട്ടിപ്പിൽ തനിക്ക് പങ്കില്ലെന്നും അനന്തുകൃഷ്ണൻ തനിക്ക് നൽകിയത് അഭിഭാഷകഫീസാണെന്നും ലാലി വിൻസെൻറ് നേരത്തെ പറഞ്ഞിരുന്നു.

# പട്ടികജാതി/ വർഗക്കാർക്ക് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ്

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം ഒരു സ്വകാര്യ സ്ഥാപനവുമായി സംയോജിച്ച് പട്ടികജാതി/ വർഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കുവേണ്ടി ഫെബ്രുവരി 25ന് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കും. താൽപര്യമുള്ള ഉദ്യോഗാർഥികൾ ഫെബ്രുവരി 24ന് ഉച്ചയ്ക്ക് 1 മണിക്ക് മുമ്പായി https://forms.gle/HAJ5LBu3r6q2XJVq6 എന്ന ഗൂഗിൾ ലിങ്കിൽ പേര് രജിസ്റ്റർ ചെയ്യണം. ലിങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ ബയോഡേറ്റയും അവരവരുടെ വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ്, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം ഫെബ്രുവരി 25ന് രാവിലെ 10 മണിക്ക് തിരുവനന്തപുരം തൈക്കാട് ഗവ. സംഗീത കോളേജിന് സമീപമുള്ള നാഷണൽ കരിയർ സർവീസ് സെന്റർ ഫോർ എസ്.സി/ എസ്.ടി സിൽ ഇന്റർവ്യൂവിന് ഹാജരാകണം. ഒഴിവ് സംബന്ധമായി വിശദ വിവരങ്ങൾക്ക് 'NATIONAL CAREER SERVICE CENTRE FOR SC/ STs, TRIVANDRUM'' എന്ന ഫേസ്ബുക്ക് പേജ് സന്ദർശിക്കുകയോ 0471 2332113 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാം

# യുക്രെയ്ൻ സമാധാന ചർച്ച സൗദിയിൽ ഉടനാരംഭിക്കും

റിയാദ്: യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് റഷ്യ, അമേരിക്കൻ പ്രതിനിധികൾ വരും ദിവസങ്ങളിൽ സൗദിയിൽ ചർച്ചയാരംഭിക്കും. യുഎസ് പ്രസിഡൻറ് ട്രംപും റഷ്യൻ പ്രസിഡൻറ് പുടിനും അടുത്തയാഴ്ച സൗദിയിൽ കൂടിക്കാഴ്ച നടത്തുമെന്നും റിപ്പോർട്ടുകളിൽ പറയുന്നു.

പുടിനുമായുള്ള കൂടിക്കാഴ്ചയ്ക്കു സൗദിയായിരിക്കും വേദിയെന്ന് ട്രംപ് നേരത്തേ അറിയിച്ചിരുന്നു. കൂടിക്കാഴ്ചയ്ക്കുള്ള ഒരുക്കങ്ങൾക്കായി ഉന്നത യുഎസ് സംഘം സൗദിയിലേക്കു പുറപ്പെടാനൊരുങ്ങുകയാണ്.

യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് മൈക്ക് വാൾട്ട്സ്, സ്റ്റേറ്റ് സെക്രട്ടറി മാർകോ റൂബിയോ, ട്രംപിന്റെ പശ്ചിമേഷ്യാ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് എന്നിവരാണു സൗദിയിലെത്തുക.

ട്രംപും പുടിനും തമ്മിലുള്ള കൂടിക്കാഴ്ച റംസാൻ വ്രതം ആരംഭിക്കുന്നതിനു മുന്പ് നടത്താനാണു നീക്കം. അതേസമയം, ട്രംപിന്റെ യുക്രെയ്ൻ പ്രതിനിധി കീത്ത് കെല്ലോക് സൗദിയിലെത്തില്ലെന്നാണു റിപ്പോർട്ട്.

സമാധാന ചർച്ചയിലേക്കു യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കിയെ ക്ഷണിച്ചിട്ടുണ്ടെന്നാണ് അമേരിക്കയിലെ ഹൗസ് വിദേശകാര്യ സമിതി ചെയർമാൻ മൈക്കിൾ മക്കോൾ അറിയിച്ചത്. എന്നാൽ, ക്ഷണം ലഭിച്ചതായി യുക്രെയ്ൻ പ്രസിഡൻറ് സെലൻസ്കി സ്ഥിരീകരിച്ചിട്ടില്ല.

## വെറ്ററിനറി സർജൻ തസ്തികയിൽ താൽക്കാലിക ഒഴിവ്

സംസ്ഥാനത്തെ ഒരു സർക്കാർ സ്ഥാപനത്തിൽ വെറ്ററിനറി സർജൻ (സർജറി) തസ്തികയിൽ ഓപ്പൺ വിഭാഗത്തിൽ ഒരു താൽക്കാലിക ഒഴിവ് നിലവിലുണ്ട്. പ്രായപരിധി 18-41 വയസ്. യോഗ്യത വെറ്ററിനറി സയൻസ് (സർജറി)ൽ ബിരുദാനന്തര ബിരുദവും, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷനും ഉണ്ടായിരിക്കണം. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 28നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാകണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം.

# മര്യാദയില്ലാത്ത തീരുമാനം; തെര. കമ്മീഷൻ നിയമനത്തിൽ വിയോജനക്കുറിപ്പ് പുറത്തുവിട്ട് രാഹുൽ ഗാന്ധി

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറുടെ നിയമനത്തിൽ സെലക്ഷൻ കമ്മിറ്റി യോഗത്തിലെ തന്റെ വിയോജനക്കുറിപ്പ് പുറത്തുവിട്ട് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. സുപ്രീംകോടതി കേസ് പരിഗണിക്കാനിരിക്കെ തിടുക്കത്തിലുള്ള തീരുമാനം മര്യാദയില്ലായ്മയാണെന്ന് രാഹുൽ എക്സ് പ്ലാറ്റ്ഫോമിൽ പങ്കുവച്ച വിയോജനക്കുറിപ്പിൽ പറയുന്നു.

തെരഞ്ഞെടുപ്പ് കമ്മീഷനിൽ എക്സിക്യൂട്ടീവ് ഇടപെടലുകൾ പാടില്ല. സുപ്രീംകോടതി ഉത്തരവ് ലംഘിച്ച് ഇന്ത്യൻ ചീഫ് ജസ്റ്റിസിനെ കമ്മിറ്റിയിൽനിന്ന് പുറത്താക്കി. തെരഞ്ഞെടുപ്പ് പ്രക്രിയയെക്കുറിച്ചുള്ള കോടിക്കണക്കിന് വോട്ടർമാരുടെ ആശങ്കകൾ മോദി സർക്കാർ വഷളാക്കിയെന്നും രാഹുൽ വിമർശിച്ചു.

അംബേദ്കറുടെയും രാഷ്ട്രത്തിന്റെ സ്ഥാപകനേതാക്കളുടെയും ആദർശങ്ങൾ ഉയർത്തിപ്പിടിക്കുകയും സർക്കാരിനെ പ്രതിക്കൂട്ടിൽ നിർത്തുകയും ചെയ്യേണ്ടത് പ്രതിപക്ഷനേതാവ് എന്ന നിലയിൽ തന്റെ കടമയാണ്. കമ്മിറ്റിയുടെ ഘടനയും നടപടിക്രമങ്ങളും സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിരിക്കെ അർധരാത്രിയിൽ തന്നെ പ്രധാനമന്ത്രിയും ആഭ്യന്ത്രമന്ത്രിയും ചേർന്ന് തീരുമാനമെടുത്തത് മര്യാദയില്ലാത്ത നടപടിയാണെന്നും രാഹുൽ കുറ്റപ്പെടുത്തി.

പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ എതിർപ്പ് തള്ളിക്കൊണ്ടാണ് ഗ്യാനേഷ് കുമാറിനെ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിച്ചത്. നിലവിലെ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ ചൊവ്വാഴ്ച സ്ഥാനമൊഴിയുന്ന സാഹചര്യത്തിലാണ് നിയമനം.

പ്രധാനമന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ്, ആഭ്യന്തരമന്ത്രി എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കുന്നത്. സെലക്ഷൻ കമ്മിറ്റിയിൽ നിന്ന് ചീഫ് ജസ്റ്റീസിനെ കേന്ദ്രം ഒഴിവാക്കിയത് വലിയ വിവാദങ്ങൾക്ക് വഴിവെച്ചിരുന്നു.

ഇതിനെതിരായ ഹർജി സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ബുധനാഴ്ച ഇതുസംബന്ധിച്ച കേസ് കോടതി പരിഗണിക്കും. ഈ സാഹചര്യത്തിൽ സുപ്രീംകോടതി നിലപാടറിഞ്ഞ ശേഷമേ തീരുമാനമെടുക്കാവൂ എന്ന് രാഹുൽ ഗാന്ധി ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷ നേതാവിന്റെ നിലപാട് തള്ളിക്കൊണ്ട് നിയമനം നടത്തുകയായിരുന്നു

# സമരം കടുപ്പിക്കാൻ ആശാവർക്കർമാർ; 20 ന് സെക്രട്ടേറിയറ്റിന് മുന്നിൽ മഹാസംഗമം സംഘടിപ്പിക്കും

തിരുവനന്തപുരം: സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തുന്ന ആശാവർക്കർമാർ പ്രതിഷേധം കടുപ്പിക്കുന്നു. പ്രതിഷേധത്തിന്റെ ഭാഗമായി 20ന് സെക്രട്ടേറിയറ്റിന് മുന്നിൽ മഹാസംഗമം സംഘടിപ്പിക്കും.

ആവശ്യങ്ങൾ നേടാതെ സമരം അവസാനിപ്പിക്കില്ലെന്ന നിലപാടിലാണ് ആശാവർക്കർമാർ. സംസ്ഥാനത്തെ ആശാവർക്കർമാർക്കാണ് ഏറ്റവും കൂടുതൽ വേതനമെന്നാണ് മന്ത്രിവീണാ ജോർജിന്റെ വാദം. എന്നാൽ ഈ വാദം തള്ളിക്കളഞ്ഞുകൊണ്ടാണ് സമരം ചെയ്യുന്ന ആശാവർക്കർമാർ രംഗത്തെത്തിയിരിക്കുന്നത്. മന്ത്രി പറഞ്ഞ 13200 രൂപ പ്രതിമാസ വേതനം ഒരിക്കൽപ്പോലും കിട്ടിയിട്ടില്ലെന്നാണ് സമരക്കാരുടെ വിശദീകരണം. അതേ സമയം സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാവർക്കർമാർക്ക് പോലീസ് നോട്ടീസ് നൽകിയിരിക്കുകയാണ്.

## സ്കൂൾ ടീച്ചർ ഒഴിവ്

കൊല്ലം ജില്ലയിലെ ഒരു എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ ഫിസിക്സ് (സീനിയർ) തസ്തികയിൽ ഭിന്നശേഷി കാഴ്ച പരിമിതർ/ ശ്രവണ പരിമിതർ/ ലോക്കോമോട്ടോർ ഡിസബിലിറ്റി/ ഇന്റലെക്ചൽ ഡിസബിലിറ്റി സംവരണം ചെയ്തിരിക്കുന്ന ഒരു സ്ഥിര ഒഴിവ് നിലവിലുണ്ട്. യോഗ്യതകൾ: 1. അൻപത് ശതമാനം മാർക്കിൽ കുറയാതെ ഫിസികസിലുള്ള ബിരുദാനന്തര ബിരുദം (എസ്.സി/എസ്.ടി വിഭാഗങ്ങളിൽപ്പെട്ടവർക്കും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കും മാർക്കിൽ അഞ്ച് ശതമാനം ഇളവുണ്ടായിരിക്കും). 2. ബി.എഡ്. 3. SET/ NET/എം.എഡ്/എം.ഫിൽ/ പിഎച്ച്.ഡി അല്ലെങ്കിൽ തത്തുല്യ യോഗ്യത. പ്രായപരിധി 01.01.2024ന് 40 വയസു കവിയാൻ പാടില്ല നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി ഫെബ്രുവരി 28നകം ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ നേരിട്ട് ഹാജരാകണം.

# ഖത്തർ അമീർ ഇന്ത്യയിൽ; സ്വീകരിക്കാൻ ഡൽഹി വിമാനത്താവളത്തിൽ നേരിട്ടെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി

ന്യൂഡൽഹി ന്മ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനിയെ സ്വീകരിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നേരിട്ട് ഡൽഹി രാജ്യാന്തര വിമാനത്താവളത്തിലെത്തി. ഹസ്തദാനം നൽകിയ ശേഷം ആലിംഗനം ചെയ്താണ് മോദി അമീറിനെ സ്വാഗതം ചെയ്തത്. ചൊവ്വാഴ്ച രാഷ്ട്രപതി ഭവനിൽ ഔപചാരികമായ സ്വീകരണം ഒരുക്കും.ഡൽഹിയിൽ ഡബിൾ എൻജിന് 'സ്റ്റാർട്ടിങ് ട്രബിൾ'! മോദി എത്തിയിട്ടും മുഖ്യമന്ത്രിയായില്ല; തലസ്ഥാനത്ത് സംഭവിക്കുന്നത്.മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ, ഖത്തറിലെ വ്യാപാര വാണിജ്യ രംഗത്തെ പ്രമുഖർ ഉൾക്കൊള്ളുന്ന ഉന്നതതല സംഘം തുടങ്ങിയവർ അമീറിനെ അനുഗമിക്കുന്നുണ്ട്. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധത്തെക്കുറിച്ചും അവ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും പ്രധാനമന്ത്രിയും അമീറും ചർച്ച നടത്തും. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഖത്തർ സന്ദർശിച്ചിരുന്നു. ഇതിനു മുൻപ് 2015 മാർച്ചിൽ ഖത്തർ അമീർ ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്.

# കൈകോർത്ത്; ഇന്ത്യ–ഖത്തർ ബന്ധം തന്ത്രപ്രധാന ബന്ധമായി ഉയർത്താൻ ധാരണ

ന്യൂഡൽഹി: ഇന്ത്യ- ഖത്തർ ബന്ധം തന്ത്രപ്രധാന ബന്ധമായി ഉയർത്താൻ ധാരണ. ഖത്തർ അമീർ ഷേഖ് തമീം ബിൻ ഹമാദ് അൽ താനിയും പ്രധാനമന്ത്രി നരേന്ദ്ര മോദിയും തമ്മിൽ ഡൽഹിയിൽ നടത്തിയ ചർച്ചയിലാണ് ഈ ധാരണയിലെത്തിയത്. ഇതു സംബന്ധിച്ച കരാറിൽ ഖത്തർ പ്രധാനമന്ത്രി മൊഹമ്മദ് ബിൻ അബ്ദുൾ റഹ്മാൻ ബിൻ ജാസിം അൽ താനിയും വിദേശകാര്യമന്ത്രി എസ്. ജയശങ്കറും ഒപ്പുവച്ചു. ഇരട്ട നികുതി ഒഴിവാക്കാനുള്ള കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പിട്ടു. ധനമന്ത്രി നിർമല സീതാരാമനാണ് ഈ കരാറിൽ ഒപ്പുവച്ചത്.

ഖത്തറിൽ നിന്ന് ഇന്ത്യ കൂടുതൽ പ്രകൃതി വാതകം വാങ്ങാനും ധാരണയായി. ഖത്തർ വധശിക്ഷ റദ്ദാക്കിയെങ്കിലും ഇനിയും ഇന്ത്യയിലേക്ക് മടങ്ങാനാകാത്ത മുൻ നാവികസേന ഉദ്യോഗസ്ഥന്റെ കാര്യവും ചർച്ചയായെന്നാണ് സൂചന. മുൻ നാവിക ഉദ്യോഗസ്ഥരുടെ ശിക്ഷ റദ്ദാക്കിയതിന് ഇന്ത്യ നന്ദി അറിയിക്കുകയും ചെയ്തു. രാവിലെ ഖത്തർ അമീറിന് രാഷ്ട്രപതി ഭവനിൽ ആചാരപരമായ വരവേൽപ്പ് നല്കി. ഇന്ത്യയിലെയും ഖത്തറിലെയും വ്യവസായികളുമായും അമീർ കൂടിക്കാഴ്ച നടത്തി. രാഷ്ട്രപതിയുമായുള്ള ചർച്ചയ്ക്ക് ശേഷം ഷേഖ് തമീം ബിൻ ഹമദ് അൽ താനി രാത്രി എട്ടരയ്ക്ക് മടങ്ങും.

## പൂഞ്ചിൽ സൈനിക പോസ്റ്റുകൾക്കു നേരെ പാക്കിസ്ഥാൻ വെടിവയ്പ്; തിരിച്ചടിച്ച് ഇന്ത്യൻ സൈന്യം

ശ്രീനഗർ: നിയന്ത്രണ രേഖയിൽ പാക് സൈന്യത്തിന്റെ പ്രകോപനം. വെടിനിർത്തൽ കരാർ ലംഘിച്ച് പാക് സൈന്യം ഇന്ത്യൻ ഭാഗത്തേക്ക് വെടിവയ്ക്കുകയായിരുന്നു. പൂഞ്ചിലെ ഗുൽപുർ മേഖലയിലാണ് വെടിവയ്പ്പുണ്ടായത്. രാവിലെ 11.30 ഓടെയാണ് വെടിവയ്പ്പുണ്ടായത്. വനമേഖലയിലുള്ള ഇന്ത്യൻ സൈനിക പോസ്റ്റുകൾക്കുനേരെയാണ് പാക്കിസ്ഥാൻ സൈന്യം വെടിയുതിർത്തത്. പാക്കിസ്ഥാന്റെ ഭാഗത്തുനിന്ന് പ്രകോപനമുണ്ടായതോടെ ഇന്ത്യൻ സൈന്യം തിരിച്ചടിച്ചതായാണ് വിവരം.

## ഏഴ് വയസുകാരനു നേരെ പാഞ്ഞടുത്ത് തെരുവുനായ്ക്കൂട്ടം; കുട്ടി രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്

മലപ്പുറം: തെന്നലയിൽ ഏഴ് വയസുകാരനു നേരെ പാഞ്ഞടുത്ത് തെരുവ് നായ കൂട്ടം. അറക്കൽ സ്വദേശി സിദ്ദിക്കിന്റെ മകൻ മുഹമ്മദ് ആശിറിനെയാണ് നായക്കൂട്ടം ആക്രമിക്കാൻ ശ്രമിച്ചത്. അയൽവാസിയുടെ വീട്ടിലേക്ക് പോകുന്നതിനിടെയാണ് വീടിന്റെ കാർ പോർച്ചിലിരുന്ന നായ്ക്കൾ കുട്ടിക്ക് നേരെ പാഞ്ഞടുത്തത്. ഇതോടെ ഭയന്ന് നിലവിളിച്ചോടിയ കുട്ടി അടുക്കള ഭാഗത്തേക്കാണ് ഓടിക്കയറിയത്.

അവിടെയുണ്ടായിരുന്ന സ്ത്രീകൾ ബഹളംവച്ചതോടെ നായ്ക്കൾ പിന്തിരിയുകയായിരുന്നു. സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങളും പുറത്തുവന്നു.

# മഹാരാഷ്ട്രയിൽ എൻഡിഎയിൽ പോര്: 20 ശിവസേന എംഎൽഎമാരുടെ വൈ പ്ലസ് സുരക്ഷ പിൻവലിച്ചു

മുംബൈ: മഹാരാഷ്ട്രയിൽ ഭരണ മുന്നണിയായ എൻഡിഎയിൽ പോര്. ബിജെപിയും ഷിൻഡേ വിഭാഗം ശിവസേനയും തമ്മിലുള്ള പോര് ദിവസം കഴിയും തോറും മൂർഛിക്കുകയാണ്. മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസും ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളാണ് ഇരു വിഭാഗങ്ങളും തമ്മിലുള്ള പോരിന് കാരണമെന്നാണ് റിപ്പോർട്ട്. തിങ്കളാഴ്ച 20 ഷിൻഡെ വിഭാഗം എംഎൽഎമാരുടെ വൈ പ്ലസ് സുരക്ഷ മുഖ്യമന്ത്രിയുടെ കീഴിലുള്ള ആഭ്യന്തര വകുപ്പ് പിൻവലിച്ചത് പോര് കൂടുതൽ കടുക്കുകയാണെന്ന സൂചനകളാണ് തരുന്നത്.

ചില ബിജെപി എംഎൽഎമാരുടേയും അജിത് പവാറിന്റെ എൻസിപി എംഎൽഎമാരിൽ ചിലരുടേയും വൈ പ്ലസ് സുരക്ഷ ഇത്തരത്തിൽ പിൻവലിച്ചുണ്ടെങ്കിലും ശിവസേന എംഎൽഎമാരെ ലക്ഷ്യം വച്ചാണ് ഈ നടപടിയെന്ന കാര്യത്തിൽ സംശയമില്ലെന്നാണ് രാഷ്ട്രീയ ലോകം വിലയിരുത്തുന്നത്. ഒരേ മുന്നണിയിലാണെങ്കിലും ബിജെപിയും ഷിൻഡെ വിഭാഗം ശിവസേനയും തമ്മിൽ കടുത്ത ഭിന്നതയാണ് ഓരോ വിഷയങ്ങളിലും ഉള്ളത്. കൂട്ടായി ചേരേണ്ട മന്ത്രിസഭാ യോഗങ്ങൾ പോലും പലപ്പോഴും നടക്കുന്നില്ല. മഹായുതിയിലുള്ള ഭിന്നത ഉയർത്തിക്കാട്ടാനുള്ള നീക്കങ്ങൾ മഹാവികാസ് അഘാടി തുടങ്ങിയിട്ടുണ്ട്.

## ബുദ്ധിമാന്ദ്യമുള്ള പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ചു; പ്രതിക്ക് കഠിനതടവും പിഴയും

ഹരിപ്പാട്: ബുദ്ധിമാന്ദ്യമുള്ള പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ച പ്രതിക്ക് മുപ്പത്തിമൂന്നര വർഷം കഠിനതടവും പിഴയും. കണ്ണൂർ പരിയാരം താനൂർക്കര വീട്ടിൽ മുഹമ്മദ്ഷാഫിയെയാണ് കോടതി ശിക്ഷിച്ചത്.

തടവിനു പുറമേ 4,75000 രൂപ പിഴയും ഇയാൾക്ക് കോടതി വിധിച്ചു. ഹരിപ്പാട് അതിവേഗ കോടതിയുടേതാണ് വിധി. പ്രായത്തിനനുസൃതമായി ബുദ്ധി വികാസമില്ലാത്ത കുട്ടിയെ ഇയാൾ വിവാഹ വാഗ്ദാനം നൽകി തട്ടിക്കൊണ്ടുപോയി തമിഴ്നാട്ടിൽ ലോഡ്ജിൽ താമസിപ്പിച്ചു പീഡിപ്പിക്കുകയായിരുന്നു.

## പെരുമ്പാവൂരിൽ ഓട്ടത്തിനിടെ കാർ കത്തിനശിച്ചു

പെരുമ്പാവൂർ: എംസി റോഡിൽ ഒക്കൽ നമ്പിളി ജംഗ്ഷന് സമീപം ഓട്ടത്തിനിടെ കാർ കത്തിനശിച്ചു. ഇന്നു പുലർച്ചെയാണ് സംഭവം. നെടുമ്പാശേരി വിമാനത്താവളത്തിൽനിന്നു മുവാറ്റുപുഴ ഭാഗത്തേക്ക് വരികയായിരുന്നു കാറിനാണ് തീപിടിച്ചത്. മൂവാറ്റുപുഴ പായിപ്ര സ്വദേശി നിഷാദിൻറേതാണ് കാർ. പുക ഉയരുന്നത് കണ്ട് നിർത്തിയപ്പോഴാണ് തീ ആളിപ്പടർന്നത്. ഉടൻ കാറിൽ ഉണ്ടായിരുന്നവർ ഇറങ്ങി ബാഗുകൾ എടുത്ത് മാറ്റിയപ്പോഴേക്കും കാർ പൂർണമായും കത്തി. വിവരമറിഞ്ഞ് പെരുമ്പാവൂരിൽ നിന്നെത്തിയ ഫയർഫോഴ്സ് സംഘം തീയണച്ചു. സംഭവത്തിൽ ആർക്കും പരിക്കില്ല.

## ഫോർട്ട്കൊച്ചിയിൽ ഓട്ടോറിക്ഷ മറിഞ്ഞ് വിദ്യാർഥിനി മരിച്ചു

കൊച്ചി: ഫോർട്ട്കൊച്ചി വെളിയിൽ ഓട്ടോറിക്ഷ മറിഞ്ഞ് വിദ്യാർഥിനി മരിച്ചു. ഇന്ന് രാവിലെയാണ് അപകടമുണ്ടായത്. ദർശന എന്ന വിദ്യാർഥിനിയാണ് മരിച്ചത്. അപകടത്തിനു ശേഷം ഉടൻതന്നെ ദർശനയെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം കുടുംബത്തിന് വിട്ടുനൽകും.

# രാജ്യത്ത് ആദ്യമായി വീട്ടിലെത്തി ഉപയോഗശൂന്യമായ മരുന്നുകൾ ശേഖരിക്കാൻ പദ്ധതി

### കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശേഖരിക്കാൻ 'എൻപ്രൗഡ്'

കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻപ്രൗഡ് (ന്യൂ പ്രോഗ്രാം ഫോർ റിമ്യൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ഉപയോഗ ശൂന്യമായ മരുന്നുകൾ വീട്ടിൽ നിന്നും ശേഖരിച്ച് കൊണ്ടു പോകുകയോ നിശ്ചിത സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ സൗകര്യമൊരുക്കുകയോ ചെയ്യും. രാജ്യത്ത് തന്നെ ആദ്യമായാണ് സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കോഴിക്കോട് കോർപ്പറേഷനിലും, കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി പഞ്ചായത്തിലുമാണ് ഇത് ആദ്യമായി നടപ്പിലാക്കുന്നത്. തുടർന്ന് ഈ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കാലഹരണപെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ അലക്ഷ്യമായി മണ്ണിലേക്കും ജലാശയങ്ങളിലേക്കും വലിച്ചെറിയാൻ പാടില്ല. ഇതിലൂടെ ആന്റി മൈക്രോബിയൽ പ്രതിരോധത്തിനും ആരോഗ്യ പ്രശ്നങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും കാരണമാകുന്നു. ഇത്തരം ഔഷധങ്ങൾ ശേഖരിക്കുവാനോ ശാസ്ത്രീയമായി സംസ്കരിക്കുവാനോ പര്യാപ്തമായ സംവിധാനങ്ങളൊന്നും നിലവിലില്ലാത്തതിനാലാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഇതേറ്റെടുത്ത് നടപ്പിലാക്കുന്നത്.

ഉപയോഗയോഗ്യമല്ലാത്ത മരുന്നുകളുടെ അശാസ്ത്രീയമായ നിർമാർജനം പരിസ്ഥിതി മലിനീകരണത്തിന് ഇടയാക്കുന്നുവെന്ന് നിരവധി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിൽ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ആക്ട് ആന്റ് റൂളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഉപയോഗശൂന്യമായ മരുന്നുകൾ നിർമാർജനം ചെയ്യുവാനാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് എൻപ്രൗഡ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

നിശ്ചിത മാസങ്ങളിൽ വീട്ടിലെത്തി ഉപയോഗശൂന്യമായ മരുന്നുകൾ ശേഖരിക്കുന്നതാണ്. കൂടാതെ പെർമനന്റ് കളക്ഷൻ സെന്ററുകളിൽ സ്ഥാപിച്ചിട്ടുള്ള നീല നിറമുള്ള പെട്ടികളിലും പൊതുജനങ്ങൾക്ക് മരുന്നുകൾ നിക്ഷേപിക്കാവുന്നതാണ്. മൊത്ത, ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ഉപയോഗശൂന്യമായ മരുന്നുകൾ മുൻനിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിലെ കളക്ഷൻ സെന്ററുകളിൽ എത്തിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളുടേയും ഹരിതകർമ്മ സേനാംഗങ്ങളുടേയും സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഇപ്രകാരം ശേഖരിക്കുന്ന മരുന്നുകൾ കേന്ദ്ര-സംസ്ഥാന പരിസ്ഥിതി വകുപ്പുകളുടെ അംഗീകാരമുള്ള കേരള എൺവൈറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് മാലിന്യ സംസ്കരണ പ്ലാന്റിൽ ശാസ്ത്രീയമായി സംസ്കരിക്കും.

പദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരി 22ന് കോഴിക്കോട് വച്ച് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൽ ഗവ ഐ.ടി.ഐ-യിൽ ഇലക്ട്രോണിക്സ് മെക്കാനിക് ട്രേഡിൽ ഒ.സി വിഭാഗത്തിനും ഡി/സിവിൽ ട്രേഡിൽ എം.യു വിഭാഗത്തിനും സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് നിർദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഗസ്റ്റ് ഇൻസ്ട്രക്ടറെ താൽക്കാലികമായി നിയമിയ്ക്കുന്നതിനുള്ള അഭിമുഖം ഫെബ്രുവരി 25ന് നടത്തും. താല്പര്യമുള്ളവർ യോഗ്യത തെളിയിയ്ക്കുന്ന അസ്സൽ രേഖകളും പകർപ്പുകളുമായി അന്നേ ദിവസം രാവിലെ 10.30-ന് ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0470 2622391

## സംസ്ഥാന നഴ്സസ് അവാർഡിന് അപേക്ഷ ക്ഷണിച്ചു

2024 ലെ സംസ്ഥാന നഴ്സസ് അവാർഡിന് അപേക്ഷ ക്ഷണിച്ചു. ക്ലിനിക്കൽ നഴ്സിങ് വിഭാഗത്തിൽ നിന്നും പബ്ലിക് ഹെൽത്ത് നഴ്സിങ് വിഭാഗത്തിൽപ്പെട്ട ആക്സിലറി നഴ്സ് ആൻഡ് മിഡ് വൈഫ് വിഭാഗത്തിൽ നിന്നും സ്തുത്യർഹമായ സേവനം കാഴ്ച വച്ച നഴ്സുമാർ മതിയായ രേഖകൾ സഹിതം മെഡിക്കൽ കോളേജ്/ ജില്ലാതല കമ്മിറ്റികൾ മുൻപാകെ 2025 മാർച്ച് 30 നകം അപേക്ഷ സമർപ്പിക്കണം. ഇങ്ങനെ ലഭ്യമാകുന്ന അപേക്ഷകൾ ജില്ലാതല സംസ്ഥാനതല പരിശോധനകൾക്ക് ശേഷം സർക്കാരിൽ സമർപ്പിക്കും. മെയ് 12 ന് നടക്കുന്ന നഴ്സസ് ദിന ചടങ്ങിൽ അവാർഡ് വിതരണം ചെയ്യും.

## ചാർജ് ചെയ്യുന്നതിനിടെ മൊബൈൽ ഫോൺ പൊട്ടിത്തെറിച്ചു; ഇരുനില വീട് കത്തി നശിച്ചു

ധകാമഴല: ചാർജ് ചെയ്യുന്നതിനിടെ മൊബൈൽ ഫോൺ പൊട്ടിത്തെറിച്ചു; ഇരുനില വീട് കത്തി നശി-

മംഗളൂരു: മൊബൈൽ ഫോൺ പൊട്ടിത്തെറിച്ചുണ്ടായ തീപിടിത്തത്തിൽ ഇരുനില വീട് കത്തി നശിച്ചു. മംഗളൂരു കർക്കള തെല്ലാരു റോഡിലെ മരതപ്പ ഷെട്ടി കോളനിയിലാണ് സംഭവം. പുലർച്ചെ നാലോടെയാണ് അപകടമുണ്ടായത്. ചാർജ് ചെയ്യുന്നതിനായി സോഫയിൽ വച്ചിരുന്ന മൊബൈൽ ഫോൺ പൊട്ടിത്തെറിക്കുകയായിരുന്നു. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടമാണ് ഉണ്ടായത്. അഗ്നിശമന സേനയെത്തി രണ്ടര മണിക്കൂറിലധികം പരിശ്രമിച്ചാണ് തീ നിയന്ത്രണവിധേയമാക്കിയത്.

വീട്ടുടമസ്ഥൻ കിഷോർ കുമാർ ഷെട്ടിക്ക് നിസാര പരിക്കേറ്റു.

## മൈസൂരിൽ നാലംഗ കുടുംബം ജീവനൊടുക്കിയ നിലയിൽ

ബംഗളൂരു: മൈസൂരിൽ നാലംഗ കുടുംബത്തെ മരിച്ച നിലയിൽ കണ്ടെത്തി. ചേതൻ, അമ്മ പ്രിയംവദ, ഭാര്യ രൂപാലി, മകൻ കൗശൽ എന്നിവരുടെ മൃതദേഹങ്ങളാണ് കണ്ടെത്തിയത്. മൈസൂരിലെ വിശ്വേശ്വരയ്യ നഗറിലെ ഒരു അപ്പാർട്ട്മെൻറിലാണ് സംഭവം. ചേതൻ ഇവർക്ക് വിഷം നൽകി കൊലപ്പെടുത്തിയ ശേഷം തൂങ്ങിമരിച്ചതായാണ് നിഗമനം. സാമ്പത്തിക പ്രതിസന്ധിയാണ് മരണ കാരണം എന്നെഴുതിയ കുറിപ്പ് കണ്ടെടുത്തിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ലിംഗനീതിയും സമത്വവും മാധ്യമ സ്ഥാപനങ്ങളിൽ ഉറപ്പാക്കണം: മന്ത്രി വീണാ ജോർജ്

### ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന് തുടക്കം

മറ്റുള്ളവരുടെ നീതിക്കുവേണ്ടി വാദിക്കുന്ന വനിതാ മാധ്യമപ്രവർത്തകർ സ്വന്തം സ്ഥാപനത്തിൽ നേരിടുന്ന നീതി നിഷേധം കാണാതെ പോകരുതെന്നും മാധ്യമസ്ഥാപനങ്ങൾ ലിംഗനീതിയും സമത്വവും ഉറപ്പുവരുത്തണമെന്നും ആരോഗ്യ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് രാജ്യത്തെ പ്രമുഖ വനിതാ മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് കേരള പത്രപ്രവർത്തക യൂണിയന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ ഉദ്ഘാടനം മാസ്കറ്റ് ഹോട്ടലിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.



ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് രാജ്യത്തെ പ്രമുഖ വനിതാ മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ ഉദ്ഘാടനം മാസ്കറ്റ് ഹോട്ടലിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു

വനിതാപ്രാതിനിധ്യം വർധിച്ചിട്ടുകൂടി മാധ്യമ സ്ഥാപനങ്ങൾക്കുള്ളിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും വനിതാമാധ്യമപ്രവർത്തകർ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അതുകൊണ്ടുതന്നെ മാധ്യമ രംഗത്തെ ലിംഗസമത്വവും ലിംഗനീതിയും ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. രാജ്യത്തെ അറിയപ്പെടുന്ന വനിതാ മാധ്യമപ്രവർത്തകരടക്കം പങ്കെടുക്കുന്ന ഈ വേദിയിൽ അത്തരം ചർച്ചകൾ നടക്കുമെന്നുതന്നെയാണ് കരുതുന്നത്. മാധ്യമ പ്രവർത്തന രംഗത്ത്, പ്രത്യേകിച്ച് ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ വരവോടെ വനിതകളുടെ എണ്ണത്തിൽ ഗണ്യമായ വർധന ഉണ്ടായിട്ടുണ്ട്. എന്നാൽ തീരുമാനങ്ങളെടുക്കുന്നതിൽ സ്ത്രീകളുടെ സാന്നിധ്യം വേണ്ടപോലെ ഇല്ല.സമൂഹത്തിലെ അനീതികൾ പുറത്തുകൊണ്ടുവരുന്ന മാധ്യമ പ്രവർത്തകർ തൊഴിലിടങ്ങളിൽ നിസഹായരായിപ്പോകുന്ന അവസ്ഥയുണ്ടാകരുത്. തൊഴിലിടങ്ങളിൽ നിയമപരമായി ഉണ്ടാകേണ്ട ആഭ്യന്തരസമിതി എത്ര മാധ്യമസ്ഥാപനങ്ങളിലുണ്ടെന്നത് പരിശോധിക്കണം. 2025 മാർച്ചോടെ എല്ലാ സ്ഥാപനങ്ങളിലും പോഷ് ആക്ട് പ്രകാരമുള്ള ആഭ്യന്തര സമിതികൾ രൂപികരിച്ച് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യണമെന്നാണ് സർക്കാർ നിർദേശം. എന്നാൽ രണ്ടു മുഖ്യധാരാമാധ്യമങ്ങളടക്കം പത്തുമാധ്യമ സ്ഥാപനങ്ങൾ മാത്രമാണ് ഇതുവരെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും മന്ത്രി വീണാ ജോർജ് ചൂണ്ടിക്കാട്ടി.കെ. കല്യാണികുട്ടിയമ്മയും എ. വി. കുട്ടിമാളു അമ്മയും യശോദ ടീച്ചറും ഹലീമബീവിയുമടക്കമുള്ളവരുടെ ധീരചരിത്രം നമുക്ക് മുന്നിലുണ്ട്. എന്നാൽ വനിതാ മാധ്യമ പ്രവർത്തകരുടെ സംഭാവനകളും ചരിത്രവും വേണ്ട രീതിയിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നത് സംശയമാണ്. വനിതാ മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയ്ക്ക് ഏറെ പ്രസക്തിയുള്ള കാലഘട്ടത്തിൽ രാജ്യത്ത് തന്നെ ആദ്യമായി സർക്കാർ തലത്തിൽ ദേശീയ വനിതാ മാധ്യമ കോൺക്ലേവ് സംഘടിപ്പിച്ച ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിനെ മന്ത്രി അഭിനന്ദിച്ചു.

വിവിധ വിഷയങ്ങളിൽ സ്ത്രീകൾ ഉയർത്തുന്ന ശബ്ദം സമൂഹം ഏറെ പ്രാധാന്യത്തോടെ ശ്രദ്ധിക്കണമെന്നും സ്ത്രീകൾ ഒന്നിന്റെയും പേരിൽ മാറ്റി നിർത്തപ്പെടേണ്ടതില്ലെന്നും മുഖ്യ പ്രഭാഷണത്തിൽ മാധ്യമ പ്രവർത്തക മായ ശർമ പറഞ്ഞു. സ്ത്രീ സൗഹൃദ നയം മാധ്യമ സ്ഥാപനങ്ങളിലുണ്ടാകണം. തൊഴിലിടങ്ങളിൽ ലിംഗ സമത്വം ഉറപ്പുവരുത്തണം. ജോലിയുടെ കാര്യത്തിൽ സമൂഹത്തിൽ വേർതിരിവ് നിലനിൽക്കുന്നുണ്ട്. ഇതിന് മാറ്റമുണ്ടാകണം. കഴിവിന്റെ അടിസ്ഥാനത്തിൽ അവസരങ്ങൾ നൽകേണ്ട സാഹചര്യം ഒരുക്കണമെന്നും അവർ പറഞ്ഞു.പ്രത്യേക മുദ്രണം ചാർത്തി വനിതാ മാധ്യമ പ്രവർത്തകരെ പിൻതള്ളുന്നത് ജനാധിപത്യവിരുദ്ധ സമീപനമാണെന്ന് മുഖ്യപ്രഭാഷണത്തിൽ മാധ്യമപ്രവർത്തകയായ റാണ ആയൂബ് പറഞ്ഞു. മികവോടെ പ്രവർത്തിക്കുന്നവരുടെ കഴിവുകൾ അംഗീകരിക്കപ്പെടാത്ത പ്രവണത മാധ്യമലോകത്താകമാനം ഉണ്ട്. തുല്യരാണെന്ന പരിഗണനയില്ലാതെ സ്ത്രീകൾ എല്ലാ തരത്തിലും സമൂഹ മാധ്യമങ്ങളിൽ നിശിതമായി വിമർശിക്കപ്പെടുന്നുണ്ട്. കേരളത്തിലെ ഹേമകമ്മിറ്റിയുടെ ചുവടുവയ്പ്പ് സ്വാഗതാർഹമാണ്. ഈ മാതൃക രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്കും അനുകരണീയമാണ്. പുരോഗമന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന കേരളത്തിൽ കൂടുതൽ സ്ത്രീകൾ എല്ലാ തലത്തിലും അഭിമാനത്തോടെ മുന്നിട്ടിറങ്ങണമെന്നും അവർ വ്യക്തമാക്കി.

കേരളത്തിലെ ആദ്യകാല വനിതാ പത്രപ്രവർത്തകയായ എം. ഹലീബീവിയെക്കുറിച്ച് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് തയാറാക്കിയ ഡോക്യുമെന്ററി ചടങ്ങിൽ പ്രദർശിപ്പിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി എസ് ഹരികിഷോർ, ഡയറക്ടർ ടി വി സുഭാഷ്, കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ പി റെജി, ജനറൽ സെക്രട്ടറി സുരേഷ് എടപ്പാൾ, വൈസ് പ്രസിഡന്റ് പി എം കൃപ, സംസ്ഥാന സെക്രട്ടറി ബിനിത ദേവസി, തിരുവനന്തപുരം ജില്ലാ സെക്രട്ടറി അനുപമ ജി നായർ എന്നിവർ സന്നിഹിതരായിരുന്നു.

## കാര്യവട്ടത്തെ റാഗിംഗ്; ഏഴ് വിദ്യാർഥികൾക്ക് സസ്പെൻഷൻ

തിരുവനന്തപുരം: കാര്യവട്ടം ഗവ കോളജിലെ റാഗിംഗിൽ ഏഴ് വിദ്യാർഥികളെ സസ്പെൻഡ് ചെയ്തു. മൂന്നാം വർഷ ബിരുദ വിദ്യാർഥികളായ വേലു, പ്രിൻസ്, അനന്തൻ, പാർഥൻ, അലൻ, ശ്രാവൺ, സൽമാൻ എന്നിവർക്കെതിരെയാണ് നടപടി.

ഒന്നാം വർഷ ബിരുദ വിദ്യാർഥി ബിൻസിന്റെ പരാതിയിലാണ് ഇവർക്കെതിരേ നടപടിയെടുത്തത്. പരാതിക്ക് പിന്നാലെ നടത്തിയ പരിശോധനയിൽ റാഗിംഗ് നടന്നതായി ആന്റി റാഗിംഗ് കമ്മിറ്റി സ്ഥിരീകരിച്ചിരുന്നു.

ഫെബ്രുവരി 11ന് കോളജ് കാമ്പസിൽ സീനിയർ വിദ്യാർഥികളും ജൂനിയർ വിദ്യാർഥികളും തമ്മിൽ അടിപിടി ഉണ്ടായിരുന്നു. ഇതിനിടെ ബിൻസിനും സുഹൃത്തായ അഭിഷേകിനും സീനിയർ വിദ്യാർഥികളുടെ മർദനമേറ്റു.

ഇതിന് പിന്നാലെ രണ്ട് കൂട്ടരും കഴക്കൂട്ടം പോലീസിൽ പരാതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പൊലീസ് കേസെടുക്കുകയും ചെയ്തിരുന്നു. ഈ സംഭവത്തിന് സീനിയർ വിദ്യാർഥികൾ ചേർന്ന് കെട്ടിയിട്ട് മർദിച്ചു എന്നായിരുന്നു ബിൻസ് പ്രിൻസിപ്പലിന് നൽകിയ പരാതി.

ഷർട്ട് വലിച്ചു കീറി മുട്ടുകാലിൽ നിർത്തി. മുതുകിലും മുഖത്തും അടിച്ചു. തുപ്പിയ വെള്ളം കുടിക്കാൻ നൽകിയെന്നും പരാതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. റാഗിംഗ് നടന്നെന്ന കോളജ് അധികൃതരുടെ കണ്ടെത്തലിന് പിന്നാലെ സംഭവത്തിൽ പോലീസ് കേസെടുത്തിട്ടുണ്ട്.

## വയനാട് പുനരധിവാസം; വായ്പാ വിനിയോഗത്തിന് കൂടുതൽ സമയം ആവശ്യപ്പെടുമെന്ന് ധനമന്ത്രി

തിരുവനന്തപുരം: വയനാട് പുനരധിവാസത്തിനായുള്ള കേന്ദ്ര വായ്പാ വിനിയോഗത്തിന് കൂടുതൽ സമയം ആവശ്യപ്പെടുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ. പദ്ധതി തുടങ്ങിവയ്ക്കുന്നതിനാണ് ആദ്യ പരിഗണനയെന്നും മന്ത്രി പ്രതികരിച്ചു.

വായ്പ അനുവദിച്ചിട്ട് ഒന്നരമാസം കൊണ്ട് ചെലവഴിക്കണമെന്നാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്. ഇത് വ്യപക വിമർശനത്തിന് ഇടയാക്കിയ സാഹചര്യത്തിൽ അൽപം കൂടി സാവകാശം തേടുമെന്ന് മന്ത്രി പറഞ്ഞു.

അതേസമയം വയനാട് പുനരധിവാസത്തോടനുബന്ധിച്ചുള്ള നിർമാണ പ്രവർത്തനങ്ങളുടെ ചുമതല ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതിക്ക് സർക്കാർ കൈമാറിയിരുന്നു. ഇതിനായി 16 അംഗ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് രൂപം നൽകി. ടൗൺഷിപ്പ് നിർമാണത്തിനുള്ള സ്പോൺസർഷിപ്പും ചെലവും കമ്മിറ്റി പുനഃപരിശോധിക്കും.

സഹായവാഗ്ദാനം നൽകിയവർ, നിർമാണ കമ്പനി, ഗുണഭോക്താക്കൾ എന്നിവരുമായി ചർച്ച നടത്താനും കോ-ഓർഡിനേഷൻ കമ്മറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്. ടൗൺഷിപ്പിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി മാർച്ചിൽ തന്നെ നിർമാണം തുടങ്ങാനാണ് ധാരണ. കേന്ദ്ര വായ്പ വിനിയോഗിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് മുൻഗണനാക്രമവും നിശ്ചയിക്കും.

## ഡയറക്ട് സെല്ലിങ് കമ്പനികളെ നിയന്ത്രിക്കുന്നതിനുള്ള മോണിറ്ററിങ് മെക്കാനിസത്തിന്റെ മാർഗ്ഗരേഖ മുഖ്യമന്ത്രി പ്രകാശനം ചെയ്യും

ഡയറക്ട് സെല്ലിങ് കമ്പനികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള മോണിറ്ററിങ് മെക്കാനിസത്തിന്റെ മാർഗ്ഗരേഖാ പ്രകാശനം ഫെബ്രുവരി 19ന് വൈകിട്ട് 5.30ന് സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഡയറക്ട് സെല്ലിങ് കമ്പനികളുടെ എൻറോൾമെന്റിനായി തയ്യാറാക്കിയ വെബ്പോർട്ടലിന്റെ ഉദ്ഘാടനം, ഡയറക്ട് സെല്ലിങ് മേഖലയുമായി ബന്ധപ്പെടുന്ന ഉപഭോക്താക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള വീഡിയോകളുടെ പ്രകാശനം എന്നിവയും മുഖ്യമന്ത്രി നിർവഹിക്കും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി എന്നിവർ വിശിഷ്ഠാതിഥികളായി പങ്കെടുക്കും. വിതരണക്കാരുടെ ശൃംഖല സൃഷ്ടിച്ച് ഉൽപ്പന്നങ്ങളും സേവനങ്ങളും നേരിട്ട് ഉപഭോക്താക്കളിൽ എത്തിക്കുന്ന രീതിയാണ് ഡയറക്ട് സെല്ലിംഗ്. നൂതന വ്യാപാര സമ്പ്രദായങ്ങളും ഓൺലൈൻ വ്യാപാരവും വർദ്ധിച്ചു വരുന്ന ഈ കാലത്ത് ഉപഭോക്താക്കൾ നേരിടുന്ന ചൂഷണവും കബളിപ്പിക്കലും വലിയ ഒരു സാമൂഹിക പ്രശ്നമായി മാറിയിട്ടുണ്ട്. ഡയറക്ട് സെല്ലിംഗ് രംഗവും ഇതിൽ നിന്നും വിഭിന്നമല്ല. ഡയറക്റ്റ് സെല്ലിംഗ് മേഖലയിലെ കള്ളനാണയങ്ങളെ തിരിച്ചറിഞ്ഞ് അവരിൽ നിന്നും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് ഒരു സർക്കാർ സംവിധാനം ഒരുക്കുക എന്നത് മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ദീർഘകാലത്തെ ആവശ്യമായിരുന്നു.ഈ വ്യാപാരമേഖല പുതിയതും സമ്പദ്ഘടനയ്ക്ക് ചെറുതല്ലാത്ത സംഭാവന നൽകുന്നതുമായ ഒന്നാണ്. അതുകൊണ്ടുതന്നെ വ്യവസായം എന്ന നിലയിലും തൊഴിൽമേഖല എന്ന നിലയിലും നിയമവിധേയമായി പ്രവർത്തിക്കുന്ന ഡയറക്ട് സെല്ലിങ് സ്ഥാപനങ്ങൾക്ക് സംരക്ഷണം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

2019 ൽ നമ്മുടെ രാജ്യത്ത് പുതിയ ഉപഭോക്തൃ സംരക്ഷണനിയമം നിലവിൽ വന്നു. ഡയറക്ട് സെല്ലിംഗ് മേഖലയിലെ അനഭിലഷണീയ കച്ചവട പ്രവണതകൾ തടയുന്നതിനും ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനുമായി 2021 ൽ നിലവിൽ വന്ന ഡയറക്ട് സെല്ലിംഗ് കേന്ദ്രചട്ടങ്ങൾ നിഷ്കർഷിക്കുന്നത് സംസ്ഥാന സർക്കാരുകൾ ഈ മേഖലയിൽ ഒരു മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കണം എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തും മോണിറ്ററിങ് അതോറിറ്റിയും പ്രവർത്തന മാർഗ്ഗരേഖയും തയ്യാറാക്കിയത്. ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെയും വിദഗ്ധരുടെയും അഭിപ്രായ സ്വരൂപണം നടത്തിയാണ് മോണിറ്ററിംഗ് മെക്കാനിസവും മാർഗ്ഗരേഖയും ഉപഭോക്തൃകാര്യ വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്.

രാജ്യത്തിന് തന്നെ മാതൃകയായ തരത്തിലുള്ള ഒന്നാണ് കേരളം തയ്യാറാക്കിയ മാർഗരേഖ. ഉപഭോക്തൃ സംരക്ഷണം മുൻനിർത്തി ഡയറക്ട് സെല്ലിംഗ് രംഗത്തെ ചതിക്കുഴികൾ തടയുവാനാണ് ശക്തമായ മോണിറ്ററിംഗ് സംവിധാനവും മാർഗ്ഗരേഖയും തയ്യാറാക്കിയിട്ടുള്ളത്. പോലീസ്, ലീഗൽ മെട്രോളജി, ഫുഡ് സേഫ്റ്റി, കേന്ദ്ര-സംസ്ഥാന ജി.എസ്.ടി കമ്മീഷണർമാർ എന്നിവർ അംഗങ്ങളായിട്ടുള്ള മോണിറ്ററിംഗ് അതോറിറ്റി കുറ്റക്കാർക്കെതിരെ കൃത്യതയാർന്ന നിയമനടപടികൾ ഉറപ്പുവരുത്തുന്നു.നിലവിലെ മാർഗരേഖ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡയറക്ട് സെല്ലിംഗ് കമ്പനികൾ മോണിറ്ററിംഗ് അതോറിറ്റി മുൻപാകെ എൻറോൾ ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഡയറക്ട് സെല്ലിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ സമർപ്പിക്കുന്ന അപേക്ഷയും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ച് കമ്പനിയുടെ വിശ്വാസ്യത ഉറപ്പുവരുത്തി എൻറോൾ ചെയ്യുകയും അത്തരം കമ്പനികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

ഇതിലൂടെ ഉപഭോക്താക്കൾക്ക് ശരിയായ ഡയറക്ട് സെല്ലിംഗ് കമ്പനികളെ തിരിച്ചറിയാനും തട്ടിപ്പിനിരയാകാതെ സ്വയം സംരക്ഷിക്കാനും സാധിക്കും. നിയമാനുസൃതം പ്രവർത്തിക്കുന്ന കമ്പനികൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുകയും നിയമവിരുദ്ധമായി ഡയറക്ട് സെല്ലിങ് എന്ന മറ ഉപയോഗിച്ച് മണി ചെയിനുകൾ, പിരമിഡ് സ്കീമുകൾ തുടങ്ങിയവ നടത്തുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നതാണ് സർക്കാർ നയം.

## മസ്തകത്തിൽ പരിക്കേറ്റ കാട്ടാന അവശനെന്ന് ഡിഎഫ്ഒ, ബുധനാഴ്ച തന്നെ ദൗത്യം തുടങ്ങുമെന്ന് ഡോ. അരുൺ സക്കറിയ

അതിരപ്പിള്ളി: മസ്തകത്തിൽ പരിക്കേറ്റ കാട്ടാനയ്ക്ക് ചികിത്സ നല്കുന്നതിനുള്ള ദൗത്യം നാളെത്തന്നെ തുടങ്ങുമെന്ന് ഡോ. അരുൺ സക്കറിയ. ആനയുടെ ആരോഗ്യം അല്പം മോശമാണ്. ഇന്നു വൈകുന്നേരത്തിനുള്ളിൽ കൂട് നിർമാണം പൂർത്തിയാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, ആനയെ വീണ്ടും മയക്കുവെടി വയ്ക്കുന്നതിൽ ആശങ്കയുണ്ടെന്ന് ഡിഎഫ്ഒ ആർ. ലക്ഷ്മി പ്രതികരിച്ചു. ദൗത്യവുമായി മുന്നോട്ട് പോകാനാണ് തീരുമാനം. കോടനാട് അഭയാരണ്യത്തിലെ ആനക്കൊട്ടിലിന്റെയും എലഫന്റ് ആംബുലൻസിന്റെയും പണി ഉടൻ തീർക്കും. പരിക്കേറ്റ ആന അവശനിലയിലാണ്. തീറ്റ എടുക്കുന്നുണ്ട്. വനം വകുപ്പിന്റെ നിരീക്ഷണത്തിലാണെന്നും ലക്ഷ്മി പറഞ്ഞു. മയക്കുവെടി വച്ച് പിടികൂടിയശേഷം ആനയെ കോടനാട്ടെ കൂട്ടിലേക്കു മാറ്റും. അവിടെ വച്ചായിരിക്കും ആനയ്ക്ക് ചികിത്സ നൽകുക. കോന്നി സുരേന്ദ്രൻ, വിക്രം, കുഞ്ചി എന്നീ മൂന്ന് കുങ്കിയാനകളെ ഇതിനകം തന്നെ അതിരപ്പിള്ളിയിൽ എത്തിച്ചിട്ടുണ്ട്.

## പാതിവില തട്ടിപ്പ്: ജസ്റ്റീസ് രാമചന്ദ്രനെതിരെ കേസെടുത്തതിൽ വിമർശനവുമായി ഹൈക്കോടതി

കൊച്ചി: പാതിവില തട്ടിപ്പ് കേസിൽ റിട്ട. ജസ്റ്റീസ് രാമചന്ദ്രൻ നായർക്കെതിരെ കേസെടുത്തതിൽ വിമർശനവുമായി ഹൈക്കോടതി. നീതിന്യായ വ്യവസ്ഥയോടുള്ള വിശ്വാസ്യത നഷ്ടമാകുമെന്നും കോടതി നിരീക്ഷിച്ചു.ജസ്റ്റീസ് രാമചന്ദ്രൻ നായർക്കെതിരായ കേസ് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാത്പര്യ ഹർജിയിലാണ് കോടതിയുടെ വിമർശനം. മനസ് അർപ്പിച്ചാണോ പോലീസ് കേസെടുത്തതെന്നും കോടതി ചോദിച്ചു.ഒരു പാരതി കിട്ടിയാൽ ആ പരാതിയിൽ ഒരാൾക്ക് പങ്കുണ്ടെന്ന് ബോധ്യപ്പെടുന്ന സാഹചര്യത്തിലാണ് ആയാളുടെ പേര് എഫ്ഐആറിൽ ഉൾപ്പെടുത്തേണ്ട്. അല്ലാതെ ഒരാളുടെ പേര് കിട്ടിയാൽ അപ്പോൾ തന്നെ എഫ്ഐആറിൽ ഉൾപ്പെടുത്തേണ്ടതില്ല. ഇക്കാര്യത്തിൽ സാഹചര്യവും നിജസ്ഥിതിയും പരിശോധിച്ചിട്ടുണ്ടോയെന്നും കോടതി ചോദിച്ചു. ഹർജിയിൽ സംസ്ഥാന സർക്കാരിനോടും കോടതി വിശദീകരണം തേടി. ചൊവ്വാഴ്ച കേസ് വീണ്ടും പരിഗണിക്കും. പാതിവിലയ്ക്ക് ലാപ്ടോപ്, സ്കൂട്ടർ അടക്കമുള്ളവ വാഗ്ദാനം ചെയ്ത് കോടികൾ തട്ടിയതു സംബന്ധിച്ച് പെരിന്തൽമണ്ണ പോലീസ് രജിസ്റ്റർ ചെയ്ത കേസിൽജസ്റ്റീസ് രാമചന്ദ്രൻ നായർ മൂന്നാം പ്രതിയാണ്. അങ്ങാടിപ്പുറത്തെ കെഎസ്എസ് പ്രസിഡൻറ് ഡാനിമോൻ, ജനറൽ സെക്രട്ടറി സുനിൽ ജോസഫ് എന്നിവർ നൽകിയ പരാതിയിൽ കെ. എൻ. ആനന്ദകുമാർ ഒന്നാം പ്രതിയും നാഷണൽ എൻജിഒ കോൺഫെഡറേഷൻ സംസ്ഥാന സെക്രട്ടറി അനന്തു കൃഷ്ണൻ രണ്ടാം പ്രതിയുമാണ്. കോൺഫെഡറേഷൻ രക്ഷാധികാരിയാണ് ജസ്റ്റീസ് രാമചന്ദ്രൻ നായരെന്ന് പരാതിയിൽ പറയുന്നു.

## പയ്യോളിയിൽ എട്ടാം ക്ലാസുകാരന് വിദ്യാർഥികളുടെ ക്രൂരമർദനം; കർണപുടം തകർന്നു

കോഴിക്കോട്: പയ്യോളിയിൽ ഫുട്ബോൾ താരമായ എട്ടാം ക്ലാസുകാരന് ക്രൂരമർദനം. പരിശീലനം കഴിഞ്ഞ് മടങ്ങിയ കുട്ടിയെ മറ്റൊരു സ്കൂളിലെ വിദ്യാർഥികൾ ആക്രമിക്കുകയായിരുന്നു.

മർദനത്തിൽ കുട്ടിയുടെ കർണപുടം തകർന്നു. മൂന്ന് മാസത്തേക്ക് കുട്ടിക്ക് വിശ്രമം വേണമെന്നാണ് ഡോക്ടർമാർ നിർദേശിച്ചിരിക്കുന്നത്. രണ്ടാഴ്ച മുമ്പായിരുന്നു സംഭവം. പയ്യോളിയിലെ ഒരു സ്കൂൾ ഗ്രൗണ്ടിൽ പരിശീലനം കഴിഞ്ഞ് മടങ്ങിയ കുട്ടിയെ ആളൊഴിഞ്ഞ സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി ക്രൂരമായി മർദിക്കുകയായിരുന്നു. സ്കൂളിന്റെ പേരും കുട്ടിയുടെ പേരും ചോദിച്ച ശേഷമായിരുന്നു മൂന്നംഗ സംഘത്തിന്റെ മർദനം.

സംഘത്തിലുണ്ടായിരുന്ന നാലാമൻ ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ ചിത്രീകരിച്ചു. അവശനിലയിലായ കുട്ടിയെ ഉപേക്ഷിച്ച് ഇവർ കടന്നുകളയുകയായിരുന്നു. പിന്നീട് ഫുട്ബോൾ പരിശീലനം നടത്തുന്ന അധ്യാപകനാണ് കുട്ടിയെ ആശുപത്രിയിലെത്തിച്ചത്.

സംഭവത്തിൽ പോലീസ് നടപടി സ്വീകരിക്കാൻ വൈകിയെന്ന് കുട്ടിയുടെ കുടുംബം ആരോപിച്ചു. എസ്പിക്ക് പരാതി നൽകിയ ശേഷമാണ് പോലീസ് കേസെടുത്തതെന്നാണ് ആരോപണം.

## കോർപ്പറേറ്റ് താല്പര്യം സംരക്ഷിക്കുന്ന നിയമങ്ങൾ നടപ്പിലാക്കുന്നു: ചെന്നിത്തല

കൊല്ലം: കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന തൊഴിൽ നിയമ സംഹിതകൾ കേർപ്പറേറ്റ് താത്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്നതാണെന്ന് രമേശ് ചെന്നിത്തല. കൊല്ലത്ത് യുടിയുസി സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച ആർ. എസ് ഉണ്ണി അനുസ്മരണവും ട്രേഡ് യൂണിയൻ സെമിനാറും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.അസംഘടിത മേഖലയിലെ തൊഴിലാളി സംരക്ഷണത്തിനായി രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുൻകൈയെടുക്കണം. തൊഴിലാളികൾ മനുഷ്യരാണെന്ന അടിസ്ഥാനത്തിലുള്ള നിയമങ്ങൾക്ക് പകരം യന്ത്രസമാനമായി തൊഴിലാളികളെ കാണുന്ന നിയമങ്ങളാണ് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. യുടിയുസി സംസ്ഥാന പ്രസിഡൻറ് ബാബു ദിവാകരൻ അധ്യക്ഷത വഹിച്ചു. എ. എ. അസീസ്, പി. കെ. ഗുരുദാസൻ, കെ. എസ്. വേണുഗോപാൽ, ടി. സി. വിജയൻ, ഇടവനശേരി സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു.